# താമരമൊട്ടുകൾ

വാല്യം 27 | ഫെബ്രുവരി 2025 | ലക്കം 02 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme


## February 2025

| | | |
|---|---|---|
| 01 | 11.00 | Vadakkanchery |
| | 16.00 | Kunnamangalam |
| 02 | 07.00 | Kunnamangalam |
| | 16.00 | Amalapuri |
| 03 | 10.30 | Kadalundi |
| | 17.00 | Tirur |
| 04 | 06.30 | Korangad |
| | 10.30 | Thamarassery |
| | 18.00 | Koodathai |
| 05 | 10.00 | Punnakkal |
| 06 | 06.30 | Chakkittapara |
| 07 | 06.30 | PMOC |
| | 17.30 | Tirur |
| 08 | 11.30 | Pullurampara |
| | 15.00 | Chevayur |
| 09 | 11.00 | Marikunnu |
| 10 | | Office Day |
| 11 - 12 | | Kanjirapally |
| 13 | 17.00 | Thondimmal |
| 14 | 17.00 | Kannoth |
| 15 | 17.00 | Pallikkkunnu |
| 16 | 07.00 | Kulathuvayal |
| 18 | 10.30 | Mavoor |
| | 19.00 | Ambayathod |
| 19 | 10.00 | Chevarambalam |
| 20 | | Office Day |
| 21 | | Prayer day |
| 22 | 16.00 | Pullurampara |
| 23 | 07.00 | Venappara |
| 24 | 07.30 | Vettilappara |
| | 16.00 | Passukadavu |
| 25 | 18.00 | Kodanchery |
| 26 | 10.30 | Karuvarakundu |
| 27 | 09.00 | Oorakam |
| | 18.00 | Thamarassery |
| 28 | | Prayer Day |

വാല്യം 27 താമരമൊട്ടുകൾ ഫെബ്രുവരി 2025 ലക്കം 02

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



'ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന്
എന്നെ അഭിഷേകം ചെയ്തിരിക്കുന്നു'

(ലൂക്ക 4:18)

# താമരശ്ശേരി രൂപതയുടെ നവവൈദികർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും..



ഫാ. ജിതിൻ കടുകൻമാക്കൽ
കല്ലാനോട്, 26.12.2024



ഫാ. ജേക്കബ് തിട്ടയിൽ
കരിയാത്തുംപാറ, 27.12.2024



ഫാ. കുര്യൻ വെളിയത്ത്
കരിയാത്തുംപാറ, 27.12.2024



ഫാ. ജോസഫ് പന്തപ്ലാക്കൽ
പുല്ലൂരിഞ്ഞോട്, 30.12.2024



ഫാ. മൈക്കിൾ നിലംപറമ്പിൽ
കണ്ണോത്ത്, 31.12.2024



ഫാ. ഇമ്മാനുവൽ കുറൂർ
ചെമ്പുകടവ്, 01.01.2025

Newly professed Sister of

St. Philip Neri Congregation, Thamarassery



Sr. Merin Mariya Karippukattil SFN

Congratulations...

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 75 |
| 2. | പ്രോഗ്രാം ഫെബ്രുവരി 2025 | 76 |
| 3. | തിരുബാലസഖ്യദിന സർക്കുലർ | 77 |
| 4. | സർക്കുലർ 01/2025 | 81 |
| 5. | കെ.സി.ബി.സി മദ്യവിരുദ്ധസമിതി സർക്കുലർ | 85 |
| 6. | സിനഡാനന്തര സർക്കുലർ | 87 |
| 7. | കച്ചേരിക്കാര്യം | 81 |
| 8. | വിശ്വാസപരിശീലനം | 94 |
| 9. | മദ്ബഹ ശുശ്രൂഷ സംഘം | 98 |
| 10. | വൊക്കേഷൻബ്യൂറോ | 99 |
| 11. | സെമിനാരി വാർത്തകൾ | 100 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 101 |
| 13. | വിദ്യഭ്യാസരംഗം | 102 |
| 14. | സ്റ്റാർട്ട് | 104 |
| 15. | അൽഫോൻസ കോളേജ് | 106 |
| 16. | പോപ്പോ ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട് | 108 |
| 17. | കെ.സി.വൈ.എം – എസ്.എം.വൈ.എം | 110 |
| 18. | കരുണാഭവൻ | 114 |
| 19. | മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ് | 114 |
| 20. | ഇൻഫാം | 116 |
| 21. | മദ്യവിരുദ്ധ സമിതി | 117 |
| 22. | ബഥാനിയ ധ്യാനകേന്ദ്രം | 118 |
| 23. | ലീഡർഷിപ്പ് ഡെവലപിംഗ് സൊസൈറ്റി | 120 |
| 24. | വികസനവേദി | 122 |
| 25. | യേശുനിധി | 127 |
| 26. | അജപാലനക്കുറിപ്പുകൾ | 128 |

# BIRTH DAY *Greetings*

Rev. Fathers

| | |
|---|---|
| Vellaramkalayil George | 1 |
| Muttathukudiyil Dominic | 8 |
| Pulayamparambil Thomas | 11 |
| Chennickara Antony | 12 |
| Palakkattu Joseph | 13 |
| Varakil Antony | 13 |
| Nedumala Zacharias | 14 |
| Pulichamakkal Joseph | 16 |
| Cherupillattu Varkey | 17 |
| Kizhakkekunnel Simon | 17 |
| Kalarickal Thomas | 19 |
| Pazhukunnel Johnson | 19 |
| Kizhakkarakatt Augustine (Sr) | 19 |
| Chuvappunkal Thomas | 24 |
| Aranjaniolickal Joseph (Sr) | 25 |
| Thalachirakuzhi Kurian | 25 |
| Mattakottil Mathew | 27 |
| Kizhakkarakatt Sudeep | 27 |
| Vamattathil Augustine | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഫെബ്രുവരി 2025

| | | |
|---|---|---|
| 02 | ഞായർ | പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ |
| 04 | ചൊവ്വ | വി. ജോൺ ബ്രിട്ടോ |
| 09 | ഞായർ | തിരുബാലസഖ്യദിനം |
| 10 | തിങ്കൾ | മൂന്ന് നോമ്പ് ആരംഭം |
| 11 | ചൊവ്വ | **ലൂർദ് മാതാവ്**, രോഗീദിനം, |
| | | **ചരമദിനം : ഫാ. പോൾ കളപ്പുര (1998)** |
| 24 | തിങ്കൾ | **ചരമദിനം : ഫാ. മാത്യു മുതിരചിന്തിയിൽ (2011)** |
| 25 | ചൊവ്വ | **വാ. സി. റാണി മരിയ** |

# 2025 ഫെബ്രുവരി 09 തിരുബാലസഖ്യ ദിനം കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവെച്ച് ആഗോള കത്തോലി ക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാല സഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാ നത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തി ക്കൊണ്ടുവരുവാനുള്ള മാതാ പിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളി ലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാ ക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തു മ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവ ത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീ യമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാ പിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരു മ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണംനോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴി വുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും

ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്ന വരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കു വാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പി ക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെ ടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മ കവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാ ത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളി ക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ യേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോ ടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശു വിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാല സഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന

ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയി ലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടി ക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർ ത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയു ന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷി യുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കി യെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

NB: 2025 ഫെബ്രുവരി 2-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മല ബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.

*സർക്കുലർ 01/2025*

# കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും പാരിഷ് കൗൺസിൽ രൂപീകരണവും (2025 -2028)

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വിശ്വാസത്തിന്റെ കേന്ദ്രവും സഭയുടെ ചെറിയ പതിപ്പുമായ ക്രൈസ്തവ കുടുംബങ്ങൾക്ക് തിരുസഭയിൽ സവിശേഷമായ സ്ഥാനമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹികസഭയെന്ന് വിളിക്കുന്നു. കുടുംബം സാമൂഹ്യവ്യവസ്ഥിതി മാത്രമല്ല, സുവിശേഷവത്ക്കരണത്തിന്റെ വേദിയും ക്രിസ്തുവിനു സാക്ഷ്യം നൽകുന്ന കൂടാരവുമാണ്. ഗാർഹികസഭയായ കുടുംബങ്ങളുടെ സംഗമമാണല്ലോ നമ്മുടെ ഇടവകയിലെ ഓരോ കുടുംബകൂട്ടായ്മയും. അവ സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും വേദിയാണ്. കുടുംബകൂട്ടായ്മയെ നയിക്കാനും നേതൃത്വം നൽകാനും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ സമൂഹത്തിൽ സഭയെ പടുത്തുയർത്തുന്ന വിശിഷ്ടമായ നിയോഗത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസികളുടെ കൂട്ടായ്മകൾ ആദിമസഭ കാലഘട്ടം മുതൽ സജീവമായിരുന്നു. ശ്ലീഹന്മാരുടെ സന്ദർശനത്തിന്റെ ഫലമായി നിരവധി ആളുകൾ മാമ്മോദീസ സ്വീകരിച്ച് അവർ "പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താൽപ്പര്യപൂർവം പങ്കുചേർന്നുവെന്ന് അപ്പസ്തോല പ്രവർത്തനങ്ങളുടെ പുസ്തകം പ്രതിപാദിക്കുന്നുണ്ട് (അപ്പ 2,42). ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എല്ലാ കുടുംബങ്ങളെയും ഇടവക ദൈവാലയത്തോട് ചേർത്തുനിർത്തുന്നതിനും കുടുംബകൂട്ടായ്മകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കുടുംബകൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് പാരിഷ് കൗൺസിൽ അംഗങ്ങളാകുന്നത്. 2022 ഏപ്രിൽ മാസത്തിൽ നിലവിൽ വന്ന ഇപ്പോഴത്തെ പാരിഷ് കൗൺസിലിന്റെ കാലാവധി 2025 മാർച്ച് 31 ന് പൂർത്തിയാകുന്നു. അതിനാൽ, തിരഞ്ഞെടുപ്പ് നടത്തി പുതിയ പാരിഷ് കൗൺസിലും നാം രൂപീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സ്തുത്യർഹമായി

സേവനം ചെയ്ത് സ്ഥാനമൊഴിയുന്ന കുടുംബകൂട്ടായ്മ ഭാരവാഹികൾ നമ്മുടെ കൃതജ്ഞത അർഹിക്കുന്ന വരാണ്. ഇടവകയുടെയും കുടുംബങ്ങളുടെയും നാടിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്കായി തീക്ഷണതയോടെ അവർ പ്രയത്നിച്ചു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനെ സംബ ന്ധിച്ച് ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്താനും ഞാൻ ആഗ്രഹിക്കുകയാണ്.

സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളുടെയും താമരശ്ശേരി രൂപതയുടെ നിയമാവലിയുടെയും അടിസ്ഥാനത്തിൽ ഒരു ഇടവകയുടെ ഭരണ നിർവഹണത്തിലും പൊതുവായി വരുന്ന പ്രവർത്തനങ്ങളിലും ഇടവക ജന ത്തിന്റെ കൂട്ടുത്തരവാദിത്വവും സഹകരണവും ആവശ്യപ്പെടുന്ന സംവിധാ നങ്ങളാണ് പൊതുയോഗവും പ്രതിനിധിയോഗവും. ഇടവക ജനത്തിന്റെ പ്രതി നിധികളാണ് തിരഞ്ഞെടുക്കപ്പെടുന്ന കുടുംബകൂട്ടായ്മ ഭാരവാഹികൾ. നമ്മുടെ എല്ലാ ഇടവകകളിലും കാര്യക്ഷമമായി മാസത്തിലൊരിക്കൽ കുടും ബകൂട്ടായ്മകൾ ഒന്നിച്ചുചേരുകയും പ്രാർഥിക്കുകയും സഭാപരവും ആനു കാലികവുമായ വിഷയങ്ങളെപ്പറ്റി സംസാരിക്കുകയും പങ്കുവെയ്ക്കുകയും ചെയ്യുന്നത് ആദിമസഭയുടെ ചൈതന്യത്തോടെയാണല്ലോ. അതുപോലെ, പാരിഷ് കൗൺസിൽ അംഗങ്ങളും മാസത്തിലൊരിക്കൽ ഒരുമിച്ച് അജപാല നകാര്യങ്ങൾ ചർച്ച ചെയ്തും ഇടവകയുടെ ഭൗതീകവും ആത്മീയവുമായ പുരോഗതിയ്ക്കുവേണ്ടി ബഹുമാനപ്പെട്ട വികാരിയച്ചനോടൊപ്പം പ്രയത്നി ക്കുകയും ചെയ്യുന്നു.

കുടുംബകൂട്ടായ്മകളുടെ സഹകരണവും സജീവമായ ഇടപെടലുമാണ് ഇടവകയുടെ പൊതുവായ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നത്. ഇടവ കാതലത്തിലുള്ള എല്ലാ പദ്ധതികളും കുടുംബയൂണിറ്റിലും നടപ്പിലാക്കുക, ഇടവകയുടെ പൊതുവായ കാര്യങ്ങളിൽ കുടുംബങ്ങളുടെ പങ്കാളിത്തം ഉറ പ്പാക്കുക, ഭവനങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുക, സംഘടനകളെ ശക്തിപ്പെടുത്തുക, പാവപ്പെട്ടവരെയും നിരാലബരെയും പരിഗണിക്കുക, വി. ഗ്രന്ഥവും സഭാപ്രബോധനങ്ങളും മറ്റ് ആനുകാലിക വിഷയങ്ങളും പഠന വിധേയമാക്കുക, സഭാ-സമുദായ ശാക്തീകരണത്തിന് പ്രാധാന്യം നൽകുക എന്നിങ്ങനെ നിരവധിയായ പ്രവർത്തന മേഖലകളിൽ കുടുംബകൂട്ടാ യ്മയ്ക്കും അതിന്റെ ഭാരവാഹികൾക്കും പ്രവർത്തിക്കാനാകും.

കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നിസ്വാർത്ഥമായ സേവനവും സഹകരണവും സഭാ സ്നേഹവും കുടുംബയൂണിറ്റുകളോടൊപ്പം ഇടവകയും സജീവമാകുന്നതിന് സഹായിക്കുന്നു. നേതൃത്വപാടവമുള്ള വിശ്വസ്തരായ ഭാരവാഹികൾ പാരിഷ് കൗൺസിൽ അംഗങ്ങളായി കടന്നുവരുമ്പോൾ ഇടവകയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാകും. പാരിഷ് കൗൺസിൽ യോഗത്തിൽ, കുടുംബകൂട്ടായ്മ വേദികളിൽനിന്ന് ഉയർന്നുവരുന്ന നൂതനമായ ആശയങ്ങൾ ചർച്ച ചെയ്യുന്നത് ഫലപ്രദമായ അജപാലനത്തിനു അനുപേക്ഷണീയമാണ്.

2025-2028 കാലഘട്ടത്തിലേക്കുള്ള പുതിയ പാരിഷ് കൗൺസിൽ രൂപീകരണത്തിന്റെ ആദ്യപടിയായി എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുക്കണം. ഈ തിരഞ്ഞെടുപ്പ് 2025 ഫെബ്രുവരി 10 നും മാർച്ച് 20 നും ഇടയിൽ പൂർത്തിയാക്കേണ്ടതാണ്. ഭാരവാഹികൾ തുടർച്ചയായി രണ്ടു തവണയിൽ (6 വർഷം) കൂടുതൽ തിരഞ്ഞെടുക്കപ്പെടാൻ പാടില്ലായെന്ന നിബന്ധന ഓർമിപ്പിക്കുന്നു. എന്നാൽ ആവശ്യമെങ്കിൽ രൂപതാ കാര്യാലയത്തിന്റെ അനുമതി ഇക്കാര്യത്തിലേക്ക് വാങ്ങേണ്ടതാണ്.

ഇടവകയിൽ പാരിഷ് കൗൺസിൽ രൂപീകരിക്കുന്നതിന് രൂപതാ നിയമാവലിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടും സെക്രട്ടറിയും കുടുംബകൂട്ടായ്മയുടെ പ്രതിനിധികളെന്ന നിലയിൽ പാരിഷ് കൗൺസിൽ അംഗങ്ങളായിരിക്കും[1]. പാരിഷ് കൗൺസിൽ യോഗത്തിന്റെയും പൊതുയോഗത്തിന്റെയും മിനിറ്റ്സും റിപ്പോർട്ടും എഴുതി സൂക്ഷിക്കേണ്ടത് പാരിഷ് കൗൺസിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്.

കുടുംബകൂട്ടായ്മ ഭാരവാഹികളെ കൂടാതെ, രൂപത നിയമാവലിയിൽ (പേജ് 124-126) ആവശ്യപ്പെടുന്ന പ്രകാരം പാരിഷ് കൗൺസിലിൽ ഉൾപ്പെടുത്തേണ്ടവരെ തിരഞ്ഞെടു ക്കുകയും നാമനിർദ്ദേശം നൽകുകയും ചെയ്തുകൊണ്ട് ബഹു. വികാരിയച്ചന്മാർ പാരിഷ് കൗൺസിൽ രൂപീകരണം പൂർത്തിയാ ക്കണം. 2025 മാർച്ച് 31 ന് മുമ്പായി തയ്യാറാക്കിയ പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് അംഗീകാരത്തിനായി രൂപത കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. രൂപത കാര്യാലയത്തിൽ നിന്ന് അവരെ അംഗീകരിച്ചുകൊണ്ടുള്ള കല്പന നൽകുന്നതോടെ യാണ് പാരിഷ് കൗൺസിൽ നിലവിൽ വരുന്നത്. അതിനടുത്തുവരുന്ന ഞായറാഴ്ച,

അംഗങ്ങൾ ദൈവാലയത്തിൽ വി. കുർബാനയോടനുബന്ധിച്ച് സത്യപ്രതിജ്ഞ ചെയ്തതിനുശേഷ മായിരിക്കണം പ്രഥമയോഗം ചേരേണ്ടത്.

കുടുംബയൂണിറ്റുകൾ ശക്തമാക്കികൊണ്ട്, സമയബന്ധിത മായി തിര ഞ്ഞെടുപ്പ് പൂർത്തിയാക്കുവാനും നിയമാനുസൃതം പാരിഷ് കൗൺസിൽ രൂപീകരിക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിൽ വിശ്വാസിസമൂഹം വേണ്ടത്ര ജാഗ്രതയും വിവേകവും പുലർത്തണമെന്നും അഭ്യർഥിക്കുന്നു. അങ്ങനെ ഇടവകയുടെ അജപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ച് ഒരു സമൂഹമായി വളരാൻ നമുക്ക് സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

സ്നേഹപൂർവം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2025 ഫെബ്രുവരി 9-ാം തീയതി വി. കുർബാന മധ്യേ വായിക്കുകയോ ഇതിന്റെ ഉള്ളടക്കം ദൈവജനത്തെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1. നാൽപ്പതും അതിൽ അധികവും കുടുംബ യൂണിറ്റുകളുള്ള ഇടവകകളിൽ ഒരു യൂണിറ്റിൽ നിന്ന് ഒരു പ്രതിനിധി മാത്രമാണ് പാരിഷ് കൗൺ സിലിൽ അംഗ മാവുക. അത്തരം സാഹചര്യത്തിൽ ഒറ്റ അക്കത്തിലുള്ള യൂണിറ്റുകളുടെ പ്രസി ഡണ്ടുമാരും ഇരട്ട അക്കത്തിലുള്ള യൂണിറ്റുകളുടെ സെക്രട്ടറിമാരും പാരിഷ് കൗൺസിൽ അംഗങ്ങളാകും.

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 26-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നൽകുന്ന പ്രത്യേക സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, ലൂർദ് ഫെറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് മദ്യ-ലഹരി വിരുദ്ധ സമ്മേളനവും യുവജന സെമിനാറും സംയുക്തമായി നടത്തുകയാണ്. കേരളത്തിൽ യുവതി യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ സമാനതകളില്ലാതെ വർദ്ധിച്ചുവരുന്ന രാസലഹരിയുടെ ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ വിപത്തിനെപ്പറ്റിയുള്ള ബോധവൽക്കരണമാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിന്റെ വൻ വിപണിയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ലഹരി കേസുകൾ കുതിച്ചുയരുകയാണ്. നമ്മുടെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ്റ്റാൻഡുകൾ, സ്കൂൾ പരിസരങ്ങൾ തുടങ്ങി ഗ്രാമാന്തരങ്ങൾ വരെ ഇന്ന് ലഹരിയുടെ തുരുത്തായി തീർന്നിരിക്കുന്ന ഭയാനക കാഴ്ചയാണ് നാം കാണുന്നത്. കുടുംബങ്ങളുടെ അകത്തളങ്ങളും സുരക്ഷിതമല്ല. യുവതലമുറയെ ദോഷകരമായി ബാധിക്കുന്ന മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സമൂഹ മനസ്സാക്ഷി ഉയരണം. ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി സർക്കാർ കോടികൾ ചെലവഴിച്ചിട്ടും വിമുക്തി പ്രാപിക്കാതെ കേരളം തേങ്ങുകയാണ്. ലഹരിക്കടിമപ്പെട്ട് കൊടും ക്രിമിനലുകൾ ആകുന്നവരുടെയും, ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സംവിധാനങ്ങളും ഇതിനെതിരെ കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം. സർക്കാർ സാമ്പത്തിക സ്രോതസ്സായി കരുതി കൂടുതൽ മദ്യശാലകൾ തുറന്നും, ബിവറേജ് ഔട്ട്ലെറ്റുകളുടെ എണ്ണം വർധിപ്പിച്ചും ഐ.ടി പാർക്കുകളിൽ പബുകൾ സ്ഥാപിച്ചും പുതിയ മദ്യോത്പാദന കേന്ദ്രങ്ങൾക്ക് അനുമതി നൽകിയും മുന്നേറുമ്പോൾ, സമൂഹം ഒറ്റക്കെട്ടായി ഈ സാമൂഹ്യവിപത്തിനെതിരെ പോരാടണം.

ഈ പശ്ചാത്തലത്തിൽ 2025 ഫെബ്രുവരി 26-ന് (ബുധനാഴ്ച) കോട്ടയം, ലൂർദ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന മദ്യവിരുദ്ധ സമ്മേളനത്തിന്റെ പ്രസക്തി വളരെ വലുതാണ്. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള മദ്യവിരുദ്ധ പ്രവർത്തകരും യുവതി യുവാക്കളും ഈ സമ്മേളനത്തിൽ

പങ്കുചേരണം. കോട്ടയം പട്ടണത്തോടടുത്തുള്ള അതിരൂപത-രൂപതകളിൽ നിന്നും സാധിക്കുന്ന എല്ലാവരും പ്രസ്തുത സെമിനാറിലും സമ്മേളനത്തിലും വന്നു സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 26-ാം തീയതി രാവിലെ 9-ന് ആരം ഭിക്കുന്ന സമ്മേളനം വൈകുന്നേരം 4-ന് സമാപിക്കുന്നതാണ്. ശ്രീ. മേജർ രവി, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീഷൻ, വന്ദ്യ പിതാക്കന്മാർ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ സമ്മേളനത്തിന്റെ മുഖ്യ അതിഥികൾ ആയിരിക്കും. സഭയും സമൂഹവും അഭിമുഖീകരിക്കുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരമാവധി ആളുകളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് താല്പര്യ പ്പെടുന്നു.

എന്ന്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് ക്രിസ്തുദാസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

Prot. No. 0024/2025

# സിനഡാനന്തര സർക്കുലർ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കുംവൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*
*കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ ആദ്യസമ്മേളനം 2025 ജനുവരി 6 മുതൽ 11 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. 'പ്രത്യാശയുടെ തീർത്ഥാടകരായി' നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാ വതാരത്തിന്റെ ജൂബിലിവർഷത്തിലേക്ക് നാം കടന്നിരിക്കുക യാണല്ലോ. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമ 5:5) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ക്രൈസ്തവമായ പ്രത്യാശ എന്താണെന്ന് വ്യക്തമാക്കുന്നു. പ്രത്യാശയ്ക്കുവിരുദ്ധമായി നമ്മെ അസ്വസ്ഥതപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന വാർത്തകൾ വർധിക്കുമ്പോഴും നമ്മുടെ കർത്താവിന്റെ വരവിനെ നോക്കിപാർത്തു പ്രത്യാശയോടെ നീങ്ങാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിക്കുന്നതു പോലെ 'പ്രത്യാശാനിർഭരമായ ഈ ജീവിതത്തിനു നമ്മെ സജ്ജരാക്കു ന്നത് നമ്മുടെ വിശ്വാസ ജീവിതമാണ്. അതു മാമ്മോദീസായിൽ തുടക്കംകുറിച്ചു, ദൈവകൃപയോടുള്ള തുറവിയിലൂടെ വളർന്നു, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെ നിരന്തരം നവീകരിക്ക പ്പെടുന്നതും ഉറപ്പിക്കപ്പെടുന്നതുമായ പ്രത്യാശയിൽ സജീവമാക്കപ്പെടുന്നു.' പ്രത്യാശപകരുന്ന പ്രവൃത്തികളിലൂടെ ജൂബിലിവർഷം ആചരിക്കാൻ നമുക്കു പരിശ്രമിക്കാം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം പ്രത്യാശ പകരുന്ന കൃപയുടെ അനുഭവം ലഭിച്ച കാലഘട്ടംകൂടിയാണിത്. നമ്മുടെ സഭാംഗമായ മോൺ. ജോർജ് കൂവക്കാട് ഒരു വൈദികനായിരിക്കെത്തന്നെ സർവത്രികസഭയിലെ കർദിനാളായി തെരഞ്ഞെ ടുക്കപ്പെട്ടതു നമ്മുടെ സഭയ്ക്ക് ഏറെ അഭിമാനകരമാണ്. അദ്ദേഹത്തിന്റെ ഭാവിശുശ്രൂഷകൾക്കു സഭയുടെ പേരിൽ പ്രാർഥനാശംസകൾ നേരുന്നു. ഗൾഫു മേഖലയിലെ പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കായ് നമ്മുടെ സഭയുടേതായ തനതുസംവിധാനങ്ങൾ രൂപപ്പെടണമെന്നതു ദീർഘകാലമായുള്ള ആവശ്യമായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ സഭയ്ക്ക്

അനുകൂലമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എടുത്ത നിലപാടു സഭാംഗങ്ങൾക്കുമുഴുവൻ പ്രത്യാശ പകരുന്നതാണ്. നാടിന്റെ മുഴുവൻ ദുഃഖമായി മാറിയ വയനാട് വിലങ്ങാട് പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോയ ജീവിതങ്ങളെ പുനരുദ്ധരി ക്കാൻ ഒരു മനസ്സോടെ അണിനിരക്കാൻ കഴിഞ്ഞുവെന്നതു നമ്മുടെ സമൂഹത്തിന്റെ നന്മയിലുള്ള പ്രത്യാശ വർധിപ്പിക്കുന്നതാണ്. ഈ വർഷം നമുക്കു 287 നവവൈദികരെയും 404 നവസന്യസ്തരെയും ലഭിച്ചതിനും ദൈവത്തിനു നമുക്കു നന്ദിപറയാം.

## കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടണം

കാർഷികവൃത്തിയെ ആശ്രയിച്ചുജീവിക്കുന്നവരുടെയും വനാതിർത്തിയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെയും ആശങ്കകളും വേദനകളും ശ്രദ്ധാപൂർവം സിനഡ് വിലയിരുത്തി. നിയമസഭയിൽ അവതരിപ്പിക്കാനായി പ്രസിദ്ധീകരിച്ചിരിക്കുന്ന കേരള വനം നിയമഭേദഗതി ബില്ലിനെകുറിച്ചു ലക്ഷക്കണക്കിനു കർഷകർക്കു ഗൗരവമായ ആശങ്കകൾ ഉണ്ട്. കേരളത്തിന്റെ വനാവൃതി വർധിച്ചുവരുമ്പോഴും വനനിയമങ്ങൾ കൂടുതൽ കർക്കശമാക്കുന്നതു വനപാലകരുടെ അധികാര ദുർവിനിയോഗത്തിനും പൊതുജനത്തിന്റെ അവകാശലംഘനത്തിനും ഇടയാക്കുമെന്നതിനാൽ പ്രസ്തുത ബിൽ പുനഃപരിശോധിക്കണമെന്നു സിനഡു സർക്കാരിനോടഭ്യർഥിക്കുന്നു.

## സിനഡാത്മക സഭ

സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താനും കാരുണ്യത്തിന്റെ മുഖത്തെ കൂടുതൽ പ്രകാശിപ്പിക്കാനുമായി പരിശുദ്ധ പിതാവു റോമിൽ വിളിച്ചുകൂട്ടിയ സിനഡാത്മകതയെക്കുറിച്ചുള്ള ആഗോളസിനഡിന്റെ സമാപന പ്രബോധനരേഖയുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ പ്രവർത്തന ശൈലിയിലും ഘടനയിലും വരുത്തേ മാറ്റങ്ങളെക്കുറിച്ചു സിനഡു ചർച്ചനടത്തുകയുണ്ടായി. ഇതിനു സഹായകമായ കർമപദ്ധതികൾ പ്രസ്തുത പ്രബോധനരേഖയുടെ വെളിച്ചത്തിൽ കൂടിയാലോചനകളിലൂടെ രൂപത ഇടവക തലങ്ങളിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

നമ്മുടെ സമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ മനസിലാക്കാനും പരിഹാരം കണ്ടെത്താനുമായി രണ്ടായിരത്തി ഇരുപത്തിയാറാമാണ്ടു സീറോമലബാർസഭയിൽ സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിക്കാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. പാലായിൽ സമാപിച്ച സഭയുടെ അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസ്സംബ്ലിയിൽ സമുദായശക്തീകരണത്തിനു സഹായകമായ കർമപദ്ധതികൾ ആവിഷ്ക്ക രിച്ചിട്ടുള്ളതു നടപ്പിലാക്കാൻ നമ്മുടെ എല്ലാ രൂപതകളും ശ്രദ്ധിക്കുമല്ലോ.

## എറണാകുളംഅങ്കമാലി അതിരൂപത

എറണാകുളം അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാൻ ഏറെ നാളുകളായി ആത്മാർഥമായി പരിശ്രമിക്കുന്നുണ്ടെങ്കിലും പ്രതിസന്ധികൾ പൂർണമായി പരിഹരി ക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന

യാഥാർത്ഥ്യം സിനഡുപിതാക്കന്മാർ എളിമയോടെ അംഗീകരിക്കുന്നു. ഐക്യത്തിന്റെ പുതിയ പ്രഭാതം വിദൂരമല്ല എന്ന പ്രത്യാശയോടെയാണ് ഈ വിഷയം സിനഡുപിതാക്കന്മാർ ചർച്ചചെയ്തത്. എറണാകുളംഅങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തിരുന്ന മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രവർത്തന ങ്ങൾ സഭയ്ക്കു മുഴുവൻ പ്രത്യാശപകരുന്നതായിരുന്നെന്ന് സിനഡു വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെയും സിനഡിന്റെയും നിർദേശങ്ങൾ പൂർണമായി അനുസരിച്ചുകൊണ്ട് അപ്പസ്തോലിക ധീരതയോടെ പിതാവ് എടുത്ത നിലപാടുകൾമൂലം അതിരൂപതയ്ക്കു വേണ്ടി 24 വൈദികാർഥികളുടെ തിരുപ്പട്ടസ്വീകരണം നടന്നു. അതിരൂപതയിൽ അച്ചടക്കം തിരികെക്കൊണ്ടുവരാൻ പിതാവു നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന് സിനഡു വിലയിരുത്തി.

എന്നാൽ, ആരോഗ്യപരമായ കാരണങ്ങളാൽ 2024 സെപ്റ്റംബർ മാസത്തിൽത്തന്നെ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവു പരിശുദ്ധ പിതാവിനു രാജി സമർപ്പിച്ചിരുന്നു. 2025 ജനുവരി 11 നു രാജി പ്രാബല്യത്തിൽ വന്നതായി വത്തിക്കാനിൽനിന്നു അറിയിപ്പു ലഭിച്ചിട്ടുണ്ട്. അതോടൊപ്പം, അപ്പസ്തതോലിക്ക് അഡ്മിനിസ്ട്രേഷൻ അവസാനിപ്പിച്ച് എറണാകുളം അങ്കമാലി അതിരൂപതയുടെ ഭരണചുമതല മേജർ ആർച്ചുബിഷപ്പിനെ 2025 ജനുവരി 11 മുതൽ തിരികെ ഏല്പ്പിക്കുന്നതായും ശ്ലൈഹികസിംഹാസനം അറിയിച്ചി ട്ടുണ്ട്. ഏറെ സങ്കീർണമായ ഒരു കാലഘട്ടത്തിൽ സഭയുടെ മനസ്സ റിഞ്ഞ് അതിരൂപതയെ ധീരമായി നയിച്ച അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനു സഭയുടെ മുഴുവൻ സ്നേഹവും നന്ദിയും ഞാൻ അറിയിക്കുന്നു.

സഭയ്ക്കു മുഴുവനുംവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ ബൃഹത്തായ ഉത്തരവാദിത്വങ്ങൾ പരിഗണിച്ച് എറണാകുളംഅങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണ നിർവഹണത്തിനായി മേജർ ആർച്ചുബിഷപ്പിന്റെ വികാരിയെ നിയമിക്കാൻ സിനഡു തീരുമാനിച്ചു.

പ്രാർഥനാപൂർവമായ വിചിന്തനങ്ങൾക്കു ശേഷം പരിശുദ്ധാത്മാ വിനാൽ പ്രേരിതരായി സിനഡുപിതാക്കന്മാർ ഈ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതു തലശ്ശേരി അതിരൂപതാധ്യക്ഷനായ മാർ ജോസഫ് പാംപ്ലാനി പിതാവിനെയാണ്. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തുടരുന്നതായിരിക്കും. എറണാകുളംഅങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാത്മകമായി പരിഹരിക്കാനാകും എന്ന പ്രത്യാശ സിനഡിനുണ്ട്. ഈ ജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി മിശിഹായോടു ചേർന്ന് ഒരുമിച്ചു യാത്രചെയ്യാൻ എല്ലാവരെയും ഞാൻ സ്നേഹപൂർവം സ്വാഗതംചെയ്യുന്നു. ഈ സാഹചര്യത്തിൽ ചില കാര്യങ്ങളിൽ വ്യക്തതവരുത്താൻ സിനഡു പിതാക്കന്മാർ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതും നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ്

മാർപാപ്പ രണ്ടു തവണ കത്തുകളിലൂടെയും ഒരു തവണ വീഡിയോ സന്ദേശത്തിലൂടെയും നേരിട്ട് ആവശ്യപ്പെട്ടതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി സീറോ മലബാർസഭ മുഴുവനിലും നടപ്പിലാക്കണമെന്ന തീരുമാനത്തിനു യാതൊരു മാറ്റവുമില്ല. പരിശുദ്ധ പിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഇക്കാര്യത്തിൽ യാതൊരുവിധ പുനരാലോചനയും സാധ്യമല്ല എന്ന സത്യം എല്ലാ കത്തോലിക്കാ വിശ്വാസികളും വിവേകപൂർവം മനസിലാക്കണം.

2024 ജൂലൈ ഒന്നാം തീയതി നല്കിയ വിശദീകരണക്കുറിപ്പിനെ (Ref. No. 6/2024) സ്ഥിരമായ ഒരു ഒത്തുതീർപ്പായി ആരും വ്യാഖ്യാ നിക്കരുത്. എറണാകുളം അങ്കമാലി അതിരൂപതയിൽ ഞായറാഴ്ചകളിലെ പതിവു കുർബാനകളിൽ ഒന്നെങ്കിലും ഏകീകൃത രൂപത്തിൽ ചൊല്ലുന്നവർക്കെതിരേ ജൂൺ 9നു നല്കിയ സർക്കുലറിൽ (Ref. No. 4/2024) അറിയിച്ച പ്രകാരമുള്ള ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല എന്ന അർഥത്തിലാണ് പ്രസ്തുത വിശദീകരണം നൽകിയിരിക്കുന്നത്. ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാന യർപ്പണത്തിലേക്കുള്ള ആദ്യ ചുവടുവയ്പായാണ് ഇതിനെ മനസിലാക്കേണ്ടത്.

ആരാധനാക്രമത്തിലെ അഭിപ്രായാന്തരങ്ങൾ തെരുവിലെ സംഘർഷ ങ്ങളാക്കി മാറ്റുന്നത് ഏറെ ദുഃഖകരമാണ്. ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ അർപ്പണം നാട്ടിലെ ക്രമസമാധാനവിഷയമായി മാറ്റുന്നതിൽ സഭയൊന്നാകെ വേദനിക്കുന്നുണ്ട്. ഈ ശൈലിയിൽ നമുക്ക് ഇനിയും മുന്നോട്ടുപോകാനാവില്ല എന്ന സത്യം ബന്ധപ്പെട്ടവർ മനസിലാക്കണം. സിനഡിനെ അനുകൂലിക്കുന്നവർ എന്ന വ്യാജേന സാമൂഹിക മാധ്യമങ്ങളിലും തെരുവിലും സഭയെ അപമാനിക്കുന്ന രീതിയിൽ ഇടപെടലുകൾ നടത്തു ന്നവരുടെ നിലപാടുകളും സഭാവിരുദ്ധ പ്രവർത്തനങ്ങളാണെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്ര ഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷ പ്പിന്റെ കാര്യാലയത്തിൽ നിന്നു 2025-ാം ആണ്ട് ജനുവരി മാസം 11-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

# കച്ചേരിക്കാര്യം

## 1. Transfer and New appointments

Rev. Fathers:

| | | |
|---|---|---|
| Cherusseril Kurian | : | Asst. Vicar, Koodaranji |
| Kadukanmakkel Geo | : | Asst. Vicar, Kodancherry |
| Kanattu Joseph O.Praem | : | Relieved, Koodaranji |
| Karintholil George | : | Acting Vicar, Payyanad |
| Kumpuckal George | : | Asst. Vicar, Thamarassery, Curia Office Secretary |
| Kuroor Emmanuel | : | Asst. Vicar, Maruthomkara |
| Melattu Thomas HGN | : | Asst. Vicar, Thottumukkam |
| Narivelil George | : | Acting Vicar, Maramchatty |
| Neelamparambil Michael | : | Asst. Vicar, Koorachundu |
| Panamattamparambil Sebastian | : | Relieved, Payyanad |
| Panthaplackal Joseph | : | Asst. Vicar, Pulloorampara |
| Poochalikalathil Joseph O.Praem | : | Asst. Vicar, Venappara |
| Pottanplackal Ephrem MCBS | : | Spiritual Director, NRC Kulathuvayal |
| Thaliyan Stephen RCJ | : | Relieved, Thottumukkam |
| Thittayil Jacob | : | Asst. Vicar, Thiruvambady |
| Vadakkel Sebastian | : | Relieved, Maramchatty |
| Veliyath Kurian | : | Asst. Vicar, Paroppady |
| Vettukallel Joseph | : | Asst. Vicar, Kannoth |
| Vilangupara Joseph | : | Asst. Vicar, Chakkittapara |

## 2. ലോക രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. അന്നേദിവസമോ അതിനടുത്ത ദിവസങ്ങളിലോ രോഗികൾക്ക് ആവശ്യാനുസരണം കുമ്പസാരവും വി. കുർബാനയും നൽകുന്നത് നല്ലതായിരിക്കും.

### 3. തിരുബാല സഖ്യദിനം

ഫെബ്രുവരി 9 ഞായറാഴ്ച തിരുബാല സഖ്യദിനമായി സഭ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ ഇടവകകളിലും ഇതിനായി ഉത്തരവാദിത്വപ്പെട്ട ഒരു ആനിമേറ്ററെ ബഹു. വികാരിയച്ചന്മാർ നിയമിക്കേണ്ടതാണ്.

### 4. സ്വാഗതം, നന്ദി

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന **ബഹു. പൂച്ചാലികളത്തിൽ ജോസഫ് O. Praem, ബഹു. പൊട്ടൻപ്ലാക്കൽ എഫ്രേം MCBS** എന്നീ വൈദികർക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

കൂടരഞ്ഞി ഇടവകയിലെ സേവനങ്ങൾക്കുശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന **ബഹു. ഫാ. കാണ്ണാട്ട് ജോസഫ് O. Praem**നും, തോട്ടുമുക്കം ഇടവകയിലെ സേവനങ്ങൾക്കുശേഷം സ്ഥലം മാറിപ്പോകുന്ന **ബഹു. ഫാ. തളിയൻ സ്റ്റീഫൻ RCJ** നും നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

### 5. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷവും ഫൊറോന കേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2024-25 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

### 6. പ്രസ്ബിറ്ററൽ കൗൺസിൽ

പന്ത്രണ്ടാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ 5-ാമത് യോഗം 2025 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് രൂപതാ ഭവനിൽ വച്ച് ആരംഭിക്കുന്നതാണ്.

### 7. സ്മരണാഞ്ജലി

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**

## സ്നേഹസ്മരണയ്ക്ക്



# വിശ്വാസപരിശീലനം

## Power Cell - 21

ജനുവരി 2 വ്യാഴാഴ്ച്ച കക്കാടംപൊയിൽ സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി എന്നീ ഇടവകകളിൽ നിന്ന് 60 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകർക്ക് അനുഗ്രഹപ്രദമായിരുന്നു.

## പ്രധാനാധ്യാപക സംഗമം

ഈ വർഷത്തെ രണ്ടാമത്തെ പ്രധാനാധ്യാപക സംഗമം 2025 ജനുവരി 18 ശനിയാഴ്ച്ച ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രൂപതാ ചാൻസലർ അദ്ധ്യക്ഷം വഹിച്ച സംഗമത്തിൽ 120 പ്രധാനാധ്യാപകർ പങ്കെടുത്തു. ജോൺസൺ പൂവത്തിൻങ്കൽ പ്രധാനാധ്യാപകരെ അവരുടെ ദൗത്യത്തെകുറിച്ച് ബോധ്യപ്പെടുത്തി ക്ലാസ്സുകൾ എടുത്തു. പരീക്ഷയുടെ നടത്തിപ്പിനെകുറിച്ച് പ്രധാനാധ്യാപകർക്ക് കൃത്യമായി നിർദ്ദേശങ്ങൾ നൽകുകയും, മേഖലാടിസ്ഥാനത്തിൽ പ്രധാനാധ്യാപകർ ഒരുമിച്ചുകൂടി ഗ്രൂപ്പ് ചർച്ച നടത്തുകയും, ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിക്കുകയും ചെയ്തു.

## ഫിദെസ് Vol- 1 ACC First year പാഠപുസ്തകം പ്രകാശനം ചെയ്തു

യുവജന വിശ്വാസപരിശീലനത്തിന്റെ ഭാഗമായി സമാരംഭിച്ച മൂന്നു വർഷം നീളുന്ന ACC കോഴ്സിന്റെ First year ലെ 18 പാഠ്യവിഷയങ്ങൾ ക്രോഡീകരിച്ച് ഫിദെസ് Vol1 പുസ്തകം പുറത്തിറക്കി. ജനുവരി 2 കക്കാടംപൊയിൽ വച്ച് നടന്ന Power cell പ്രോഗ്രാമിൽ വച്ച് അഭിവന്ദ്യ പിതാവ് പുസ്തകം പ്രകാശനം ചെയ്തു.

## Faith @ Home - വാലില്ലാപ്പുഴ

ജനുവരി 12 ഞായറാഴ്ച്ച വാലില്ലാപ്പുഴ ഇടവകയിൽ മാതാപിതാക്കൾക്കായുള്ള Parental Catechesis പ്രോഗ്രാം നടന്നു. 85 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. തോട്ടുമുക്കം റിസോഴ്സ് ടീം ക്ലാസ്സുകൾ നയിച്ചു.

## Power Cell 22 കട്ടാങ്ങൽ

ജനുവരി 21 ശനിയാഴ്ച്ച കട്ടാങ്ങൽ സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ എന്നീ ഇടവകകളിൽ നിന്നും 76 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകരെ പുതിയ ബോധ്യത്തിലേക്ക് നയിച്ചു.

### Power Cell 23 അശോകപുരം

ജനുവരി 25 ശനിയാഴ്ച്ച അശോകപുരം സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ അമലാപുരി, ഈസ്റ്റ് ഹിൽ, പാറോപ്പടി, മാങ്കാവ്, അശോകപുരം എന്നീ ഇടവകകളിൽ നിന്നും 60 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകർക്ക് അനുഗ്രഹപ്രദമായിരുന്നു.

### HCC യൂണിവേഴ്സിറ്റി പരീക്ഷകൾ

+1, +2 പരീക്ഷകൾ 2025 ജനുവരി 26 ഞായറാഴ്ച്ച ഇടവക കേന്ദ്രമായി നടന്നു. 2714 കുട്ടികൾ വിവിധ കേന്ദ്രങ്ങളിൽ യൂണിവേഴ്സിറ്റി പരീക്ഷയും, 92 കുട്ടികൾ ഡിപ്ലോമ സർട്ടിഫിക്കറ്റിനു വേണ്ടിയും പരീക്ഷകൾ എഴുതി. പരീക്ഷയുടെ സുതാര്യമായ നടത്തിപ്പിനുവേണ്ടി രൂപതയിൽ നിന്ന് നിരീഷകർ കേന്ദ്രങ്ങളിലേക്ക് പോയിരുന്നു.

### വിശ്വാസോത്സവം : 2025-രൂപതാ, മേഖലാ തല പഠനശിബിരങ്ങൾ

ഈ വർഷത്തെ വിശ്വാസോത്സവം 2025 ഏപ്രിൽ 1, 2, 3, 4 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തിയ്യതികളിൽ ആണ്. വിശ്വാസോത്സവത്തിന് ഒരുക്കമായി രണ്ട് പഠനശിബിരങ്ങൾ നടത്തുന്നുണ്ട്. രൂപതാ തലത്തിലും, മേഖലാതലത്തിലും. വിശ്വാസോത്സവ പഠനശിബിരത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാവരുടെയും സഹകരണവും, നേതൃത്വവും പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

### രൂപതാ തലം

രൂപതാ തല പഠനശിബിരം മാർച്ച് 1 ശനിയാഴ്ച്ച രാവിലെ 9.30 AM മുതൽ 1.00 PM വരെയാണ്. രൂപതാതല പഠന ശിബിരത്തിൽ ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 പേരാണ് പങ്കെടുക്കേണ്ടത്. ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 5 അധ്യാപകർക്ക് വിശ്വാസോത്സവ രൂപതാതല പഠന ശിബിരത്തിൽ പ്രത്യേകമായി പരിശീലനം നൽകുന്നതാണ്. രൂപതാതല പഠന ശിബിരത്തിന് നേതൃത്വം നൽകുന്നത് തലശ്ശേരി അതിരൂപതയിലെ റിസ്സോർസ് ടീം ആയിരിക്കും.

### മേഖലാതലം

മേഖലാതല പഠനശിബിരം മാർച്ച് 15 ശനിയാഴ്ച്ച രാവിലെയോ ഉച്ചകഴിഞ്ഞോ മേഖല കേന്ദ്രങ്ങളിൽ വച്ചായിരിക്കും. മേഖലാതല പഠന ശിബിരത്തിന്റെ എല്ലാ കാര്യങ്ങളും മേഖല കമ്മിറ്റി ക്രമീകരിച്ച് ഇടവകകളിലെ അധ്യാപകരെ അറിയിക്കുന്നതാണ്. 3 മണിക്കൂർ പഠനശിബിരത്തിന് ലഭിക്കത്തക്കവിധം സമയ ക്രമീകരണം നടത്തേണ്ടതാണ്. മേഖലയിലുള്ള എല്ലാ സൺഡേ സ്കൂളിലെയും മുഴുവൻ അധ്യാപകരും മേഖലാതല പഠന ശിബിരത്തിൽ പങ്കെടുക്കേണ്ട

താണ്. മേഖലാതല പഠന ശിബിരത്തിന്റെ ആരംഭത്തിൽ ഓരോ മേഖലയിലേക്കും വരുന്ന റിസോഴ്സ് ടീമിന്റെ ലീഡർ വിശ്വാസോത്സവത്തെക്കുറിച്ചും ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചും അധ്യാപകർക്ക് പൊതുവായി ക്ലാസ് നൽകുന്നതാണ്. അതിനുശേഷം 5 ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് ഗ്രൂപ്പുകളിൽ ഓരോ മേഖലയിലേക്കും വരുന്ന റിസോഴ്സ് ടീം അംഗങ്ങൾ വർക്ക് ബുക്കുകൾ വിശദമായി പഠിപ്പിക്കുന്നതാണ്. രൂപതാ തല പഠനത്തിൽ പരിശീലനം ലഭിച്ച, പാഠങ്ങളും, ഗെയിമുകളും, പ്രവർത്തനങ്ങളും പാട്ടുകളും, മേഖലാതലത്തിൽ അധ്യാപകരെ പരിശീലിപ്പിക്കുന്നതാണ്.

Group : 1 ബൈബിൾ നഴ്സറി, STD 1

Group : 2 - STD II, III, IV.

Group : 3 - STD V, VI

Group : 4 - STD VII, VIII.

Group : 5 - STD IX, X

ബൈബിൾ നഴ്സറി കുട്ടികളെ ഒന്നാം ക്ലാസിലെ ഗ്രൂപ്പിലും, നാലാം ക്ലാസിലെ കുട്ടികളെ രണ്ട് മൂന്ന് ക്ലാസിലെ കുട്ടികളുടെ ഗ്രൂപ്പിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### ACC 13, 14, 15 Online Class

ACC 13: 'കേരള സഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ" എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. തോമസ് പാറൻകുളങ്ങരയും, 'വിശ്വാസത്തെ വെല്ലുവിളിക്കുന്ന വിഘടിത വിഭാഗങ്ങൾ" എന്ന വിഷയത്തെകുറിച്ച് റവ. ഫാ. മെൽവിൻ വെള്ളക്കാകുടിയും ക്ലാസ്സുകൾ എടുത്തു.

ACC14: 'മറിയത്തോടുള്ള ഭക്താനുഷ്ഠാനങ്ങൾ" എന്ന വിഷയത്തെകുറിച്ച് സി. ഡോ. രമ്യ സി.എം.സിയും, "മാതാപിതാക്കളോടുള്ള കടമകൾ " എന്ന വിഷയത്തെ അധകരിച്ച് റവ. സി. ഡെൽസി എം.എസ്.എം.ഐയും ക്ലാസ്സ് എടുത്തു.

ACC 15: 'ശുദ്ധീകരണസ്ഥലം", മരിച്ചവരുടെ പുനരുത്ഥാനം പുതിയ നിയമത്തിൽ" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis
## Power Cell- 21 വാർത്ത ഷെക്കെയ്ന ചാനലിൽ

കക്കാടംപൊയിൽ നടന്ന 21 ാം മത്തെ Power Cell വാർത്ത ഷെക്കെയ്ന

ചാനലുകാർ സംപ്രേഷണം ചെയ്തു. താമരശ്ശേരി രൂപതയിൽ ആരംഭിച്ച വിശ്വാസപരിശീലകർക്കു വേണ്ടി നടത്തുന്ന Power Cell എന്ന തുടർപരിശീലന പരിപാടി എല്ലാവരും ശ്രദ്ധിക്കുന്നതിന് ഈ വാർത്ത കാരണമായി.

### വീഡിയോകൾ

ACC 13, 14, 15 ന്റെ Online ക്ലാസ്സുകൾ, Power Cell , Faith @ Home, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### സീറോ മലബാർ സഭാതല പ്രതിഭാസംഗമം – STD - XII

2024 ഡിസംബർ 29, 30, 31 തിയതികളിൽ കക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്ന സീറോ മലബാർ സഭാതല പ്രതിഭാസംഗമത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും ജെരാർദ് ജോൺ പന്തപ്പിള്ളി (മരഞ്ചാട്ടി ഇടവക) തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ നേരുന്നു.

### FEBRUARY 2025

| | | |
|---|---|---|
| 02-02-25 ഞായർ | - | ദനഹാക്കാലം 4-ാം ഞായർ<br>HCC വാർഷിക പരീക്ഷയുടെ മൂല്യനിർണയം മേഖലയിൽ നടത്തുന്നു. |
| 03-02-25 തിങ്കൾ | - | HCC ഉത്തരക്കടലാസുകൾ മതബോധന ഓഫീസിൽ ഏൽപിക്കുന്നു |
| 09-02-25 ഞായർ | - | ദനഹാക്കാലം 5-ാം ഞായർ<br>ACC 13, 14, 15 Online Class - 17 |
| 11-02-25 ചൊവ്വ | - | HCC പരീക്ഷാഫലം |
| 16-02-25 ഞായർ | - | ദനഹാക്കാലം 6-ാം ഞായർ |
| 23-02-25 ഞായർ | - | ദനഹാക്കാലം 7-ാം ഞായർ<br>HCC സേ പരീക്ഷ (11 am - 01 pm, മേഖലയിൽ)<br>ACC 13, 14, 15 Online Class - 18 |
| 28-02-25 വെള്ളി | - | HCC റീ വാലുവേഷൻ സ്വീകരിക്കുന്ന അവസാന തീയതി |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

**'എന്റെ ഉണ്ണീശോ'**

മദ്ബഹാ ശുശ്രൂഷകർക്കായി ക്രിസ്തുമസ്സിനോടനുബന്ധിച്ച് ക്രിസിതുമസ് വീഡിയോ സന്ദേശ മത്സരം നടത്തി. വിജയികളായവർ

**ഗ്രൂപ്പ് 1 – (ക്ലാസ്സ് 9–12)**

I ജെറാൾഡ് ജോൺ പന്തപ്ലാക്കൽ, മരഞ്ചാട്ടി
II ലിഷ തെരേസ കൊച്ചുവീട്ടിൽ, കട്ടിപ്പാറ
III അൻസ്റ്റീന ജോൺസൺ കോയിക്കക്കുന്നേൽ, കക്കയം

**ഗ്രൂപ്പ് 2 – (ക്ലാസ്സ് 5–8)**

I മെൽന ജോർജ്, മഞ്ഞക്കുന്ന്
II ജോഷ് വിൻ ബ്രിജേഷ്, വലിയകൊല്ലി
III കാരൺ ട്രീസ ഉള്ളാട്ടിൽ, തേക്കുംകുറ്റി
III ജോയൽ തോമസ്, കോടഞ്ചേരി

**പ്രത്യേക സമ്മാനം**

അലൻ ബെന്നി ഐക്കുളമ്പിൽ, കക്കയം (ക്ലാസ്സ് 1) വിജയികളായവർക്ക് അഭിനന്ദങ്ങൾ.

**ഇടവക സന്ദർശനം**

സ്മാർട്ട് സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിലയിരുത്താനും ഇടവകകൾ സന്ദർശിച്ച് വരുന്നു. കണ്ണോത്ത്, കുന്ദമംഗലം, കല്ലാനോട് എന്നീ ഇടവകകൾ സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും അൾത്താര സംഘത്തെ ഒരുമിച്ചുകൂട്ടി വി. കുർബ്ബാനയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

**അൾത്താരയിലെ മാലാഖമാർ**

ജനുവരി 1 ന് അൾത്താരയിലെ മാലാഖമാർ എന്ന സീരീസിലുള്ള മൂന്നാമത്തെ പഠന പരമ്പരയായ 'അൾത്താരയിൽ നന്നായി പെരുമാറുവാനുള്ള സൂത്രവാക്യം' ബഹു. ലിൻസ് മുണ്ടക്കൽ അച്ചൻ വീഡിയോയിലൂടെ നടത്തി.

**അനുദിന വചനം**

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർട്ടിന്റെ എല്ലാം

വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

### ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്, രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം.


**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

## വൊക്കേഷൻ ബ്യൂറോ

### ഇടവക സന്ദർശനം

ദൈവവിളി പ്രോത്സാഹനം ലക്ഷ്യമാക്കി രൂപതയിലെ വിവിധ ഇടവകകൾ സന്ദർശിച്ച് വരുന്നു. കണ്ണോത്ത്, കുന്ദമംഗലം, കല്ലാനോട് എന്നീ ഇടവകകൾ സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും ഹൈസ്കൂൾ വിദ്യാർഥികളെ ഒരുമിച്ചുകൂട്ടി ദൈവവിളിയെക്കുറിച്ച് ക്ലാസ്സെടുക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, വൊക്കേഷൻബ്യൂറോ



# സെമിനാരി വാർത്തകൾ

## സെമിനാരി റീ ഓപ്പണിങ്

വൈദിക വിദ്യാർത്ഥികൾ തങ്ങളുടെ ക്രിസ്മസ് അവധിക്ക് ശേഷം ജനുവരി അഞ്ചിന് മൈനർ സെമിനാരിയിൽ എത്തിച്ചേർന്നു. തുടർന്ന് പരീക്ഷ ഒരുക്ക ദിനങ്ങൾക്ക് ശേഷം ജനുവരി ഒമ്പതാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ ക്രിസ്മസ് പരീക്ഷകൾ നടത്തി.

## അഭിവന്ദ്യ പിതാവിന്റെ വി. കുർബാന

അവധിക്കാലത്തിനുശേഷം തിരിച്ചെത്തിയ വൈദിക വിദ്യാർഥികൾക്ക് അഭിവന്ദ്യ പിതാവ് വിശുദ്ധ ബലി അർപ്പിച്ചു വചന സന്ദേശം നൽകി. പുതുവർഷത്തിൽ പുത്തൻ ചൈതന്യത്തോടുകൂടി പരിശീലന പാഠങ്ങൾ ഉൾക്കൊള്ളുവാനും പൗരോഹിത്യ വിളിയിൽ തീക്ഷ്ണതയോടെ വളരുവാനും അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി.

## സൗഹൃദമത്സരം

മൈനർ സെമിനാരിയുടെ ഇൻഡോർ ബാസ്ക്കറ്റ്ബോൾ കോർട്ടിൽ വച്ച് താമരശ്ശേരി സനാതന മേജർ സെമിനാരിയും തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയും തമ്മിലുള്ള സൗഹൃദ മത്സരം നടന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത ഈ മത്സരം ഏറെ ആവേശകരമായിരുന്നു. മൈനർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾക്ക് ഈ സൗഹൃദ മത്സരം പുതിയ അനുഭവമായി. ഇരു മേജർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒപ്പം രൂപതയിലെ വൈദികരുടെ സാന്നിധ്യവും പ്രോത്സാഹനവും ഉണ്ടായിരുന്നു.

## നവവൈദികർക്ക് സ്വീകരണം

താമരശ്ശേരി രൂപതയ്ക്ക് വേണ്ടി ഈ വർഷം വൈദിക പരിശീലനം പൂർത്തിയാക്കിയ നവ വൈദികർക്ക് മൈനർ സെമിനാരിയിൽ സ്വീകരണം നൽകി. നവ വൈദികരുടെ വിശുദ്ധ ബലി അർപ്പണവും, വചന സന്ദേശവും, തുടർന്നുള്ള പങ്കുവെക്കലും മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനവും അനുഭവവേദ്യവുമായിരുന്നു. തുടർന്ന് സംഘടിപ്പിച്ച അനുമോദന ചടങ്ങിൽ സെമിനാരിയിലെ ബഹുമാനപ്പെട്ട വൈദികരും വൈദിക വിദ്യാർഥികളും നവ വൈദികർക്ക് ആശംസകളും പ്രാർത്ഥനകളും നേർന്നു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

### ബൈബിൾ ഞായർ 2K25

2025 ജനുവരി 19 ഞായറാഴ്ച ബൈബിൾ ഞായർ 2K25 ആഘോഷമായി കൊണ്ടാടുകയും ശാഖാ തലത്തിൽ ഏറ്റവും കൂടുതൽ തിരുവചനങ്ങൾ പഠിച്ച് പറയുന്നവർക്ക് അന്നേദിനം സമ്മാനങ്ങൾ നൽകുകയും ചെയ്തു. ബൈബിൾ സ്കിറ്റ്, ബൈബിൾ ഡാൻസ്, ബൈബിൾ വായന മത്സരം, ബൈബിൾ ക്വിസ്, ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി, ബൈബിൾ ഗാർഡൻ എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്തു.

### ബൈബിൾ ചലഞ്ച്

ഈ വർഷം (2025) ബൈബിൾ മുഴുവൻ വായിച്ചു തീർക്കുമെന്ന ചലഞ്ച് ഏറ്റെടുത്ത് ബൈബിൾ വായിക്കാൻ ആരംഭിക്കുകയും ചെയ്തു.

### ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടത്തിയ വിവിധ മത്സര വിജയികൾ

### തിരുക്കുടുംബത്തോടൊപ്പം ഒരു സെൽഫി

1st സേറ എലിസബത്ത് ബെന്നി, ഈങ്ങാപ്പുഴ
2nd അൻലിയ തെരേസ് സജി, കണ്ണോത്ത്,
ലിയോ റോബിൻ, മഞ്ഞക്കടവ്
3rd എബൽ ജോസഫ് തിരുവമ്പാടി, ടോം അജേഷ് വേനപ്പാറ,
ലെയാൻ മാർട്ടിൻ ഈങ്ങാപ്പുഴ

### ക്രിസ്തുമസ് ആശംസ കാർഡ് നിർമാണ മത്സരം

1st എയ്ഞ്ചൽ മരിയ പ്രവീൺ കൂരാച്ചുണ്ട്
2nd അൻലിയ തെരേസ് സജി, കണ്ണോത്ത്,
ജോവാന ബി ജോസഫ് കല്ലുരുട്ടി
3rd മേരി നിവേദ തിരുവമ്പാടി, എമിൽഡ ഷാജി കൂടരഞ്ഞി,
ഏബൽ ബോബി കുപ്പായക്കോട്

വിജയികൾക്ക് അഭിനന്ദനങ്ങളും പങ്കെടുത്തവർക്ക് നന്ദിയും.

### ശാഖാ സന്ദർശനം

ജനുവരി മാസത്തിൽ കൂരോട്ടുപാറ, പെരുവണ്ണാമൂഴി, കാറ്റുള്ള മല, മുതുകാട് ഇടവകകളിൽ ശാഖ സന്ദർശനം നടത്തി.

### പ്രേഷിത കൂടാരം

ജനുവരി മാസത്തിൽ കൂരോട്ടുപാറ, പെരുവണ്ണാമൂഴി ഇടവകകളിൽ പ്രേഷിത കൂടാരം പരിപാടി നടത്തി.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

## വിദ്യാഭ്യാസരംഗം

### വിദ്യാഭ്യാസ സംഗമവും യാത്രയയപ്പും

ഈ വർഷത്തെ കോർപ്പറേറ്റുതല വിദ്യാഭ്യാസ സംഗമവും സേവനത്തിൽനിന്നു വിരമിക്കുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള യാത്രയയപ്പും 2025 ഫെബ്രുവരി 8 ശനിയാഴ്ച പുല്ലുരാംപാറ ബഥാനിയ കേന്ദ്രത്തിൽവെച്ച് നടക്കും. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ആദ്യസെഷനിൽ കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ് അദ്ധ്യക്ഷത വഹിക്കും. 11.30 ന് യാത്രയയപ്പ് സമ്മേളനം അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്യും. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള 1400 ലേറെ അധ്യാപക-അനധ്യാപക ജീവനക്കാർ പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

### വേദപാഠ-സന്മാർഗ്ഗശാസ്ത്ര വാർഷികപരീക്ഷ

വേദപാഠ-സന്മാർഗ്ഗശാസ്ത്ര വിഷയങ്ങളുടെ ഈ വർഷത്തെ വാർഷിക പരീക്ഷ 2025 ജനുവരി 31 വെള്ളിയാഴ്ച വിവിധ സ്കൂളുകളിൽ വിജയകരമായി നടന്നു. കോർപ്പറേറ്റുതലത്തിൽ പൊതുവായി തയ്യാറാക്കിയ ചോദ്യപേപ്പറുകൾ സ്കൂളുകൾക്ക് വിതരണം ചെയ്തിരുന്നു. ഈ പരീക്ഷയിൽ മികവു തെളിയിക്കുന്നവർക്കുള്ള രൂപതാതല സ്കോളർഷിപ്പ് പരീക്ഷ 2025 മാർച്ച് 01 ശനിയാഴ്ച വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടക്കുന്നതാണ്.

### സ്കൂൾ വാർഷികവും യാത്രയയപ്പും

ഭൂരിഭാഗം കോർപ്പറേറ്റ് സ്കൂളുകളിലും സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. പുല്ലൂരാംപാറ ഹയർ സെക്കണ്ടറി സ്കൂളിലും കണ്ണോത്ത് യു.പി. സ്കൂളിലും വാർഷികാഘോഷത്തിൽ

റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മഹനീയ സാന്നിധ്യം ഉണ്ടായിരുന്നു. ഈ സ്കൂളുകളിലും നെല്ലിപ്പൊയിൽ ഹൈസ്കൂൾ, കൂരാച്ചുണ്ട് ഹൈസ്കൂൾ, പുന്നക്കൽ ഹൈസ്കൂൾ, കട്ടിപ്പാറ ഹയർ സെക്കണ്ടറി സ്കൂൾ, കാറ്റുള്ളമല യു.പി.സ്കൂൾ, മരുതോങ്കര ഹയർ സെക്കണ്ടറി സ്കൂൾ, കുണ്ടുതോട് ഹൈസ്കൂൾ, വേനപ്പാറ ഹയർ സെക്കണ്ടറി സ്കൂൾ, തേക്കുംകുറ്റി എൽ.പി. സ്കൂൾ, പടത്തുകടവ് ഹൈസ്കൂൾ, കോടഞ്ചേരി ഹയർ സെക്കണ്ടറി സ്കൂൾ, കൂടരഞ്ഞി ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണോത്ത് ഹൈസ്കൂൾ, കല്ലാനോട് എൽ.പി. സ്കൂൾ എന്നീ സ്കൂളുകളിലെ വാർഷികാഘോഷത്തിലും കോർപ്പറേറ്റ് മാനേജർ പങ്കെടുക്കുകയുണ്ടായി.

## ആദരാഞ്ജലികൾ

ദീർഘകാലം വിവിധ കോർപ്പറേറ്റ് സ്കൂളുകളിൽ സ്തുത്യർഹ സേവന മനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലായിരുന്ന ശ്രീമതി ലൈസമ്മ ആന്റണി (റിട്ട. ഹെഡ്മിസ്ട്രസ്, കോടഞ്ചേരി ഹൈസ്കൂൾ), ശ്രീ. ഇ.ഒ. ഔസേപ്പ് (റിട്ട. ഒ.എ., വിലങ്ങാട് ഹൈസ്കൂൾ), ശ്രീമതി മേരിക്കുട്ടി കെ.ജെ. (മുൻഅധ്യാപിക പരിയാപുരം യു.പി. സ്കൂൾ), ശ്രീ. എ.എസ്. ഡൊമിനിക് (റിട്ട. എച്ച്.എം. തിരുവമ്പാടി യു.പി.എസ്.), ശ്രീ. കെ.എം. ജോസഫ് (റിട്ട. ക്ലർക്ക്, കണ്ണോത്ത് ഹൈസ്കൂൾ), ശ്രീ. വിനോയ് കുര്യൻ (റിട്ട. ടീച്ചർ, തിരുവമ്പാടി യു.പി.എസ്.), സിസ്റ്റർ പ്രസ്റ്റീന ഇ.കെ. (റിട്ട. ഹെഡ്മിസ്ട്രസ്, വിളക്കാംതോട് എൽ.പി.സ്കൂൾ), ശ്രീമതി ഇ.പി. റോസ് (റിട്ട. ടീച്ചർ, തിരുവമ്പാടി യു.പി. സ്കൂൾ) എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗ്ഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## മോൺസിഞ്ഞോർ ആന്റണി കൊഴുവനാൽ സ്മാരക പ്രസംഗ മത്സരം 2024

START ന്റെ സ്ഥാപകപിതാവായ മോൺ. ഡോ. ആന്റണി കൊഴുവനാലച്ചന്റെ അനുസ്മരണാർത്ഥം, 'ഭാരതത്തിലെ ഏറ്റവും തിളക്കമുള്ള ഒരു സാംസ്കാരിക മുഖം കേരളത്തിനുണ്ടായിരുന്നു. ഇന്ന് അതിന് മങ്ങലേറ്റിട്ടുണ്ടോ?' എന്ന വിഷയത്തെ ആസ്പദമാക്കി അഖില കേരളതലത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ആദ്യഘട്ട മത്സരത്തിൽ 48 പേർ പങ്കെടുത്തു. അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 10 മത്സരാർത്ഥികൾ ഫൈനൽ റൗണ്ടിൽ മാറ്റുരച്ചു.

അഖില കേരള പ്രസംഗം മത്സരത്തിൽ വി.എ. ആൻസി (മാനന്തവാടി രൂപത) ഒന്നാം സ്ഥാനം നേടി. ജോയൽ ജോസഫ് (പാലാ രൂപത) രണ്ടും, എസ്തേർ ക്രിസ്റ്റി ടോം (താമരശ്ശേരി രൂപത) മൂന്നും സ്ഥാനങ്ങൾ നേടി. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 10,000 രൂപ, 5,000 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

സമാപന സമ്മേളനത്തിൽ താമരശ്ശേരി രൂപത ചാൻസലർ ഫാ. ഡോ. സെബാസ്റ്റ്യൻ കാവളക്കാട്ട്, നെതർലാൻസിൽ ശുശ്രൂഷ ചെയ്യുന്ന ഫാ. ഡോ. ജോർജ് പയ്യമ്പള്ളി, സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ എന്നിവർ പ്രസംഗിച്ചു. മലബാർ വിഷൻ ചീഫ് എഡിറ്റർ ഫാ. റോണി കാവിൽ, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, ദീപിക റെസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, സിസ്റ്റർ സ്റ്റെല്ല മരിയ എന്നിവർ സന്നിഹിതരായിരുന്നു.

## യുറേക്കാ മൊമെന്റ് മിനി മാസ്റ്റർ ക്യാമ്പ് 2k24 II

ക്രിസ്തുമസ് അവധിക്കാലത്ത് 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി യുറേക്കാ മൊമന്റ് മിനി മാസ്റ്റർ ക്യാമ്പ് സംഘടിപ്പിച്ചു. ഡിസംബർ 27, 28, 29 തീയതികളിൽ നടന്ന ക്യാമ്പിൽ എഴുപതോളം കുരുന്നു പ്രതിഭകൾ ആവേശപൂർവ്വം പങ്കെടുത്തു.

## 2025-2026 ACADEMIC YEAR ADMISSION OPEN TO THE FOLLOWING COURSES:

### പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ് (PFT)

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ

വളർത്തിയെടുക്കുക എന്ന ലക്ഷ്യ ത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT)-യുടെ ഇരുപതാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യ മായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുവാനും PFT കുട്ടികളെ സഹായിക്കുന്നു.

### Residential PLUS TWO

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോഴിക്കോടുള്ള (St. Thomas Academy for Research and Training) കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റിക ളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMs, NITs etc.) പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ച് പ്ലസ്ടു പഠിക്കാം.

കൊമേഴ്സ്, ഹ്യൂമാനിറ്റീസ് സ്ട്രീമുകളിൽ 30 വീതം സീറ്റുകൾ. ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാരത്തോടെ പഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും, പ്ലസ്ടു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാരിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസുകൾ ഉണ്ടായിരിക്കും.

### START - HEALTH CARE CERTIFICATE COURSE

ഹെൽത്ത് സെക്ടർ മേഖലയിലെ ജോലി സാധ്യതകളെ മുൻനിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിച്ച മൂന്നുമാസത്തെ പരിശീലന കോഴ്സായ Start - Healthcare Certificate course ന്റെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. elderly, disability and mental health care മേഖലകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥി കളെ രൂപപ്പെടുത്തുക എന്നതാണ് ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### AI & PYTHON Course

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് നേടുന്നതിനും പ്രത്യേകിച്ച് Machine Learning, Data Science എന്നിവയിൽ python ഉപയോഗിച്ച പ്രോഗ്രാമിംഗ് ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നതിനായി AI & Computer Programming with Python എന്ന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരി ക്കുന്നു. പ്ലസ്ടു കഴിഞ്ഞവർക്കും കമ്പ്യൂട്ടറിൽ അടിസ്ഥാനപരമായ അറിവുള്ളവർക്കും അപേക്ഷിക്കാം. സ്വന്തമായി ലാപ്ടോപ് ഉണ്ടായി രിക്കണം. സമയക്രമം : ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 1 മണി മുതൽ 4 മണി വരെ.

കൂടുതൽ വിവരങ്ങൾക്ക്:

Tel: 0495 - 2357843, +91 9037107843, +91 97444458111 (ഡയറക്ടർ)

Sites: www.startindia.org and startcare.net

Mail: startcalicut22@gmail.com

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

## അൽഫോൻസ കോളേജ് തിരുവമ്പാടി

**'നിറവ് 2025'**

ആനക്കാംപൊയിൽ കരിമ്പിൽ വച്ച് നടത്തിയ അൽഫോൻസ കോളേജ് എൻ.എസ്.എസ് ക്യാമ്പ് - നിറവ് 2024 സമാപിച്ചു. സമാപന സമ്മേളനം തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ഫാ. ഷിജു മാത്യു യോഗത്തിൽ അധ്യക്ഷത വഹിച്ചു. കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കൊല്ലംപറമ്പിൽ മുഖ്യസന്ദേശം നൽകി. ഏറ്റവും മികച്ച ക്യാമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ട അഭിഷേക് ഷിനോജ്, അഷ്മിനാ സി എം എന്നീ വോളണ്ടിയർമാർക്ക് അദ്ദേഹം അവാർഡുകൾ നൽകി. ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച വ്യക്തികൾക്കുള്ള ആദരവും നൽകി. എക്സൈസ്, ആരോഗ്യം, പോലീസ് വകുപ്പുകൾ ക്യാമ്പുമായി സഹകരിച്ച് ബോധവൽക്കരണം നൽകി. പ്രദേശവാസികളെ കൂടാതെ വൈ.എം.സി.എ, തിരുവമ്പാടി ലയൺസ് ക്ലബ്, സീനിയർ ചേമ്പർ ഇന്റർനാഷണൽ തിരുവമ്പാടി സ്നേഹ

ലിജിയൻ, ഓയിസ്‌കാ തിരുവമ്പാടി എന്നീ സംഘടനകളും ക്യാമ്പിനു പിന്തുണ നൽകി. വിവിധ മേഖലയിൽ പെട്ട പരിശീലകരുടെ പരിശീലന ക്ലാസുകൾ നടന്നു. ആനക്കാംപൊയിൽ - കരിമ്പ് പാതയോരം കാടു തെളിച്ചും പാഴ്‌വസ്തുക്കൾ പെറുക്കിയും ശുചിയാക്കി. 'പാതയോരത്ത് പാഴ്‌വസ്തുക്കൾ വലിച്ചെറിയരുതെ' എന്ന ബോർഡുകൾ സ്ഥാപിക്കുവാനും വേസ്റ്റ് ബാസ്ക്കറ്റ് സ്ഥാപിക്കുവാനും വിദ്യാർത്ഥികൾ മുൻകൈയെടുത്തു. സമാപനയോഗത്തിൽ ഡോ. പി.എ. മത്തായി, കാവ്യ ജോസ്, അജിൽ മാത്യു, ആൽബിൻ പോൾസൺ, ദേവസ്യ കുന്നത്ത്, ജെസ്സി അടയ്ക്കാപാറ, സാനിയമോൾ ചാൾസ്, ഗായത്രി കെ എന്നിവർ സംസാരിച്ചു.

### വിവിധ മത്സരങ്ങൾ

4-1-2025- കല 2024 കോളേജ് ഫൈൻ ആർട്സ് മത്സരങ്ങളുടെ ഭാഗം ആയ ഓഫ് സ്റ്റേജ് മത്സരങ്ങൾ വിവിധ ദിവസങ്ങളിൽ ആയി നടന്നു. ഉപന്യാസം, കഥ, കവിത രചന മത്സരങ്ങൾ, കാർട്ടൂൺ, പെൻസിൽ ഡ്രായിങ്, ഡിബേറ്റ് എന്നിങ്ങനെ വിവിധ മത്സരങ്ങളിൽ വിദ്യാർഥികൾ പങ്കെടുത്തു.

### ഓൾ കേരള മാനേജ്മെന്റ് ഫെസ്റ്റ്- ഓണ്മെന്റ

9-1-2025- തിരുവമ്പാടി: അൽഫോൻസ കോളജ് കോമേഴ്സ് ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ ഓൾ കേരള മാനേജ്മെന്റ് ഫെസ്റ്റ്- ഓണ്മെന്റ നടത്തി. വിവിധ സ്ഥാപനങ്ങളിൽ നിന്നായി 150 ഓളം വിദ്യാർഥികൾ പങ്കെടുത്തു. മാനേജ്മെന്റ് ഗെയിമുകളിൽ വിജയിച്ച വിവിധ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് കാഷ് അവാർഡും മെഡലും സ്ഥാപനങ്ങൾക്ക് മെമന്റോയും നൽകി.

കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കൊല്ലംപറമ്പിൽ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ സമ്മാനദാനം നിർവഹിച്ചു. വൈസ് പ്രിൻസിപ്പൽ സെബാസ്റ്റ്യൻ ചെറിയാൻ, കോമേഴ്സ് വിഭാഗം മേധാവി സാനി തോമസ്, സ്റ്റാഫ് കോർഡിനേറ്റർ ഷിജി ഫ്രാൻസിസ്, കെ. ദീപേഷ്, കെ. ധന്യ, അമന്റെ ഷാജി, അജിൽ മാത്യു, എബിൻ സണ്ണി, മുഹമ്മദ് ജാസിം എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു കൊല്ലംപറമ്പിൽ**
അഡ്മിനിസ്ട്രേറ്റർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## Pope John Paul II Institute of Counseling & Psychotherapy (JPI)

ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് തെറാപ്പി താമരശ്ശേരി രൂപതയുടെ മേല്നോട്ടത്തിൽ കൗൺസിലിംഗ്, കൗൺസിലിംഗ് സൈക്കോളജി എന്നീ മേഖലകളിലെ ഗവേഷണത്തിനും പരിശീലനത്തിനുള്ള സ്ഥാപനമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ വളർന്നുവരുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതിൽ ജെ പി ഐ ഊന്നൽ നല്കുന്നു

ഒരു രൂപീകരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ജെ പി യെ പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. മനശാസ്ത്രപരവും മാനുഷികവുമായ സംഭവവികാസങ്ങൾ പരിശീലന അതിർത്തികളെ പരിചയപ്പെടുത്താൻ പങ്കെടുക്കുന്നവരിൽ വൈജ്ഞാനികവും സ്വാധീനവും പെരുമാറ്റ പരവുമായ മാറ്റങ്ങൾക്ക് കാരണമാകുന്ന ചിട്ടയായ ചികിത്സാരീതികൾ പരിചയപ്പെടുത്താനും പ്രോഗ്രാം ശ്രമിക്കുന്നു. അടിസ്ഥാന കൗൺസിൽ കഴിവുകളെ, സിദ്ധാന്തങ്ങളെ, പരിശീലനങ്ങളെ സമന്വയിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു പദ്ധതിയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത് .

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ലോകത്തിലെ വ്യക്തികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും കാര്യക്ഷമമായ പ്രതികരിക്കുന്നതിനും ഉള്ള ആശയപരമായ വിദഗ്ധ പരിശീലനം നൽകി വിദ്യാർഥികളെ സഹായിക്കുന്നതിനും സജ്ജരാക്കുന്നതിനും ജി പി ഐ പരിശ്രമിക്കുന്നു. അറിവും നൈപുണ്യവും നേടുന്നത് മാത്രമല്ല നല്ല യോഗ്യതയുള്ള പരിചയസമ്പന്നനായ വ്യക്തിഗത ഇടപെടലുകളിലൂടെയും സമപ്രായക്കാരുടെ ഇടപെടലുകളുടെയും അവരുടെ അന്തർലീനമായ പിന്തുണയിൽ സാധ്യതകളെ പരിവേഷണം ചെയ്യുവാനും ഓരോ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നു.

കോഴിക്കോട് മേരിക്കുന്നിലെ ഉള്ള പോസ്റ്റ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി നേതൃത്വത്തിൽ ദിവസേന കൗൺസിലിംഗ്, കൗൺസിലിംഗ് ക്ലാസുകൾ ഓഫ്‌ലൈനായും ഓൺലൈനായും നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കാനും മാനസിക പിരിമുറുക്കത്തിൽ നിന്ന് ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികളിൽ കുട്ടികൾ മുതൽ മുതിർന്നവർ വരെ ഉള്ളവർക്ക്

ഇവിടെ ലഭ്യമാണ്. കൗൺസിലിങ്ങിനായി കപ്പുച്ചിൻസഭാംഗമായ ഫാദർ ജോജി പെരുമാട്ടി കുന്നേൽ (അസിസ്റ്റൻറ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്)ന്റെ സേവനം ജെപിഐ ലഭ്യമാണ്.

### കോഴ്സുകൾ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും എല്ലാ ഞായറാഴ്ചകളിലും എം എസ് സി ഇൻ കൗൺസിൽ സൈക്കോളജിയുടെ ക്ലാസുകൾ നടക്കുന്നു

## Gloria 2K24

ഡിസംബർ -21 ക്രിസ്തുമസ് ആഘോഷിച്ചു. മാർ റെമീജിയോസ് പിതാവിന്റെ അനുഗ്രഹിത പ്രഭാഷണത്തോടെ ആരംഭിച്ച് MSC students ന്റെ വിവിധ കലാപരിപാടികൾ മീറ്റിംഗിനെ ഏറെ ആകർഷകമാക്കി. അയൽപക്കകാരുടെയും അച്ചൻമാരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യം ആഘോഷത്തിന്റെ മാറ്റുക്കൂട്ടി സ്നേഹവിരുന്നോടെ മീറ്റിംഗ് അവസാനിച്ചു.


### അഡ്മിഷൻ ആരംഭിച്ചു

2025-2027 വർഷത്തേക്കുള്ള മാസ്റ്റേഴ്സ് കോഴ്സ് MSC in counseling psychology (OFF LINE)

Msc in Guidance and Counseling (ON LINE) അഡ്മിഷൻ ആരംഭിച്ചു. ഡിഗ്രി യോഗതയുള്ളവർക്ക് ഈ കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ്. താൽപര്യമുള്ളവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

Contact No. 9037379180, 9496575018

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ



# കെ.സി.വൈ.എം. എസ്.എം.വൈ.എം

## 24 മണിക്കൂർ നിരാഹാര സമരം

വഖഫ് അനിശ്ചിതത്വം അവസാനിപ്പിക്കുക, മുനമ്പം ജനതയ്ക്ക് നീതി നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ 24 മണിക്കൂർ നിരാഹാര സമരം കോടഞ്ചേരി ടൗണിൽ സംഘടിപ്പിച്ചു. നവംബർ 29 വെള്ളിയാഴ്ച വൈകിട്ട് 6.00 ന് ആരംഭിച്ച നിരാഹാര സമരം താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോയിസ് വയലിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷം വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യു, സീറോ മലബാർ സഭ വക്താവ് ഡോ.ചാക്കോ കാളംപറമ്പിൽ, കോടഞ്ചേരി ഫൊറോന വികാരി ഫാ.കുര്യാക്കോസ് ഐക്കുളമ്പിൽ, എസ്.എം.വൈ.എം. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൻ, രൂപത അനിമേറ്റർ സി. റൊസീൻ SABS, രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു എന്നിവർ പ്രസംഗിച്ചു. 9 യുവജന നേതാക്കന്മാർ നിരാഹാരം അനുഷ്ഠിച്ചു.

24 മണിക്കൂർ നിരാഹാര സമരം നവംബർ 30, ശനിയാഴ്ച വൈകിട്ട് 6 മണിക്ക് റാലിയോടെ സമാപിച്ചു. സമാപന പൊതുസമ്മേളനം കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്തു. ഉപവാസം അനുഷ്ഠിച്ചവർക്കു പഞ്ചായത്ത് പ്രസിഡന്റ് നാരങ്ങനീരു നൽകി നിരാഹാരം അവസാനിപ്പിച്ചു. കെ.സി.വൈ.എം. താമരശ്ശേരി രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷം വഹിച്ച സമാപന സമ്മേളനത്തിൽ കെ.സി.വൈ.എം.രൂപത ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, രൂപത ജനറൽ സെക്രട്ടറി അലീന മാത്യു, കെ.സി.വൈ.എം. കോടഞ്ചേരി മേഖല ഡയറക്ടർ ഫാ.തോമസ് മേലാട്ട്, വിശാഖ് തോമസ്, അമൽ ജോയി, രൂപത വൈസ് പ്രസിഡന്റ് അലൻ ബിജു, കെ.സി.വൈ.എം. കോടഞ്ചേരി മേഖല പ്രസിഡന്റ് സാന്ദ്ര നോബിൾ, രൂപത അനിമേറ്റർ സി. റൊസീൻ SABS എന്നിവർ പ്രസംഗിച്ചു.

നിരാഹാര സമരത്തിനു ഐക്യദാർഢ്യം അറിയിച്ച് മഹിള മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി നവ്യ ഹരിദാസ്, താമരശ്ശേരി രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്, കെപിസിസി ജനറൽ സെക്രട്ടറി പി.എം.നിയാസ്, ലിന്റോ ജോസഫ് എംഎൽഎ, കർഷക കോൺഗ്രസ് ദേശീയ കോഡിനേറ്റർ മാജുഷ് മാത്യൂസ്, ഫാ.ജോർജ് വെള്ളയ്ക്കാക്കുടിയിൽ, കൊണ്ടോട്ടി പള്ളി വികാരി ഫാ.ബ്രിജിൻ പൂതർമണ്ണിൽ, ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ്

വെള്ളാരംകാലയിൽ, സിഡ്ഡി രൂപത ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, രാഷ്ട്ര ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി മുണ്ടനാട്ട്, എ.കെ.സി.സി. രൂപത ഡയറക്ടർ ഫാ.സബിൻ തൂമുള്ളിൽ എന്നിവർ പ്രസംഗിച്ചു. കെസിവൈഎം അംഗങ്ങളുടെ ഫ്ലാഷ് മോബും നടന്നു.

### സ്റ്റാർ ഓഫ് സ്റ്റാർസ്: നക്ഷത്ര നിർമ്മാണ മത്സരം

താമരശ്ശേരി രൂപതയിലെ ഏറ്റവും മികച്ച നക്ഷത്രത്തെ കണ്ടെത്താനായി, ഇടവക പള്ളികളിൽ കെ.സി.വൈ.എം. യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്ന നക്ഷത്രങ്ങളുടെ വീഡിയോയും ഫോട്ടോയും ഉപയോഗിച്ച് മത്സരം നടത്തി. യൂണിറ്റുകൾ ഇൻസ്റ്റാഗ്രാമിൽ പോസ്റ്റ് ചെയ്ത വീഡിയോയുടെ ലൈക്കും, ഒപ്പം നക്ഷത്ര നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന പുത്തൻ രീതികൾ, ക്രിയേറ്റിവിറ്റി, ലൈറ്റിങ്ങ്, നിർമ്മാണ വിഡിയോയിൽ ഉൾപ്പെടുത്തിയിരിക്കുന്ന യുവജന പങ്കാളിത്തം എന്നിവയുമാണ് മൂല്യനിർണ്ണയത്തിന്റെ മാനദണ്ഡങ്ങൾ. മത്സരത്തിന്റെ വിജയികളെ നസ്രാണി യുവശക്തിയുടെ അന്ന് പ്രഖ്യാപിക്കുന്നതായിരിക്കും.

### സ്നേഹപൂർവ്വം കെ.സി.വൈ.എം.

കരുവാരകുണ്ട് മേഖലയുടെ നേതൃത്വത്തിൽ നവംബർ 30, ശനിയാഴ്ചയും പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ ഡിസംബർ 14, ശനിയാഴ്ചയും കോഴിക്കോട് ഗവ.മെഡിക്കൽ കോളേജ് അങ്കണത്തിൽ പൊതിച്ചോറ് വിതരണം ചെയ്തു.

### വിശുദ്ധിയുടെ 25 ദിനങ്ങൾ

നോമ്പിലൂടെയും പരിത്യാഗത്തിലൂടെയും ഉണ്ണീശോയെ വരവേൽക്കാൻ നാടും വീടും ഒരുങ്ങുമ്പോൾ ഡിസംബർ 1 മുതൽ 25 വരെ ദിവസങ്ങൾ നോമ്പെടുക്കാനും വി. കുർബാനയിൽ പങ്കെടുക്കാനും എല്ലാ യുവജനങ്ങളോടും ആഹ്വാനം ചെയ്തു.

### മേഖല വാർഷിക സെനറ്റ് സമ്മേളനങ്ങൾ

സഭയുടെ കരുത്തും സമുദായത്തിന്റെ ശബ്ദവുമായ നമ്മുടെ യുവജന പ്രസ്ഥാനം പ്രവർത്തന വർഷത്തിന്റെ അവസാനത്തിൽ എത്തി നിൽക്കുമ്പോൾ നവംബർ 24 ന് തിരുവമ്പാടി, കോടഞ്ചേരി മേഖലകളിലും ഡിസംബർ 1 ന് തോട്ടുമുക്കം, മലപ്പുറം മേഖലകളിലും ഡിസംബർ 8 ന് പാറോപ്പടി, കൂരാച്ചുണ്ട് മേഖലകളിലും ഡിസംബർ 15 ന് വിലങ്ങാട്, മരുതോങ്കര മേഖലകളിലും വാർഷിക സെനറ്റ് സമ്മേളനങ്ങൾ നടത്തപ്പെട്ടു.

### കേരള വനം നിയമ ഭേദഗതി: പ്രതിഷേധം

കേരള നിയമസഭയിൽ പുതുതായി അവതരിപ്പിക്കാനൊരുങ്ങുന്ന വന നിയമ ഭേദഗതിക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തി. വീടിനോടും പറമ്പിനോടും അ

തിർത്തി പങ്കിടുന്ന വനമേഖലകൾ അനവധി ഉള്ളിടത്ത്, നിലവിലുള്ള നിയമത്തിന്റെ പല ഭേദഗതികളും ഒരു അടിയന്തിരാവസ്ഥയ്ക്ക് തുല്യമായി വായിച്ചെടുക്കാനാവുന്നതാണ്. ഇനിയും വനാതിർത്തി കൃത്യമായി നിർവചിക്കപ്പെടാത്ത കേരളത്തിൽ കേവലം സംശയത്തിന്റെ പേരിൽ ഏറ്റവും താഴെക്കിടയിൽ റാങ്കുള്ള ഒരു വനം വകുപ്പ് ഉദ്യോഗസ്ഥന് പോലും വാറന്റ് ഇല്ലാതെ ഏതൊരു പൗരനെയും കസ്റ്റഡിയിലെടുക്കാനാകും എന്നൊക്കെയുള്ള നിയമ ഭേദഗതിക്ക് എതിരെ താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനം പ്രതിഷേധം അറിയിച്ചു.

### കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയ്ക്ക് പുതിയ നേതൃത്വം

താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. എസ്.എം.വൈ.എം. ന് പുതിയ നേതൃത്വം തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷത്തെ പ്രസിഡന്റ് ആയി സേവനം ചെയ്തിരുന്ന റിച്ചാൾഡ് ജോൺ വീണ്ടും പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു. കോടഞ്ചേരി മേഖലാ അംഗം ആൽബിൻ ജോസ് ആണ് പുതിയ ജനറൽ സെക്രട്ടറി. താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന വാർഷിക സെനറ്റിനോടാനുബന്ധിച്ച് നടത്തപ്പെട്ട തിരഞ്ഞെടുപ്പിലാണ് പുതിയ നേതാക്കന്മാർ നിയോഗിക്കപ്പെട്ടത്. താമരശ്ശേരി മൈനർ സെമിനാരി വൈസ് റെക്ടർ ഫാ. കുര്യാക്കോസ് പാലക്കിയിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്. ജനറൽ സെക്രട്ടറി അലീന മാത്യു, വൈസ് പ്രസിഡന്റ് അലോണ ജോൺസൻ എന്നിവർ സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് രൂപതയിലെ 11 മേഖലകളുടെയും വാർഷിക റിപ്പോർട്ട് അവതരണം നടത്തപ്പെട്ടു. സംഘടന ചർച്ചയും ആലോചനകളും ഇതോടൊപ്പം നടത്തപ്പെട്ടു. സെനറ്റ് സന്ദർശിച്ച താമരശ്ശേരി രൂപതാ അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് നേതാക്കളെ അഭിവാദ്യം ചെയ്ത് സംസാരിക്കുകയും 2024 വർഷത്തെ നേതാക്കളെ ആദരിക്കുകയും ചെയ്തു. തുടർന്ന് നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ വിവിധ സ്ഥാനങ്ങളിലേക്കായി നേതാക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടു.

### കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപത 2025

| | |
|---|---|
| ഡയറക്ടർ: | ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ |
| ആനിമേറ്റർ: | സി. റൊസീൻ എസ്.എ.ബി.എസ്. |
| പ്രസിഡന്റ്: | റിച്ചാൾഡ് ജോൺ (മരുതോങ്കര) |
| ജനറൽ സെക്രട്ടറി : | ആൽബിൻ ജോസ് (കോടഞ്ചേരി) |

**വൈസ് പ്രസിഡന്റുമാർ :**

1. ബോണി സണ്ണി (കോടഞ്ചേരി)
2. ട്രീസ മേരി (തിരുവമ്പാടി)

സെക്രട്ടറിമാർ:

1. അഞ്ചൽ കെ. ജോസഫ് (താമരശ്ശേരി)
2. ബിൽഹ മാത്യു (മരുതോങ്കര)

ട്രഷറർ: ജോബിൻ ജെയിംസ് (വിലങ്ങാട്)

സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ:

1. അഭിലാഷ് കുടിപ്പാറ (വിലങ്ങാട്)
2. ചെൽസിയ മാത്യു (താമരശ്ശേരി)

സംസ്ഥാന സെനറ്റ് അംഗങ്ങൾ:

1. അലൻ ബിജു (തോട്ടുമുക്കം)
2. ആഗി മരിയ ജോസഫ് (മലപ്പുറം)

എസ്.എം.വൈ.എം. കൗൺസിലർമാർ:

1. ഡെൽബിൻ സെബാസ്റ്റ്യൻ (താമരശ്ശേരി)
2. അഞ്ജലി ജോസഫ് (പാറോപ്പടി)

രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ് :

അലോണ കോടഞ്ചേരി
അബിൻ മരുതോങ്കര
രോഹിത് പറോപ്പാടി
ഡോണ കൂരാച്ചുണ്ട്
ആഗ്നസ് വിലങ്ങാട്
അലൻ മലപ്പുറം
അൻലിയ തോട്ടുമുക്കം
അമൽ തിരുവമ്പാടി
അലീന കൂരാച്ചുണ്ട്
ആൽബിൻ കൂരാച്ചുണ്ട്
അനു പെരിന്തൽമണ്ണ
അമൽ പെരിന്തൽമണ്ണ
അജിത് പെരിന്തൽമണ്ണ
സാന്ദ്ര പെരിന്തൽമണ്ണ
ജിത്തുമോൻ കരുവാരുകുണ്ട്
ഏയ്ഞ്ചൽ കരുവാരുകുണ്ട്

# കരുണാഭവൻ

- പുതുവർഷം വി. കുർബ്ബാനയോടെ ആരംഭിച്ചു.
- പുതുവൽസരാശംസകൾ അറിയിച്ചുകൊണ്ട് പലരും കരുണാഭവൻ സന്ദർശിച്ചു.
- ഏതാനും ഇടവകകളിൽ നിന്ന് ബഹു. വൈദികരും അനേകം വിശ്വാസികളും കരുണാഭവൻ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.
- പാറോപ്പടി ഇടവക തിരുനാളിൽ അന്തേവാസികൾ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

---

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

### കൂരാച്ചുണ്ട് മേഖല പ്രോ-ലൈഫ് സംഗമം.

കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദേവാലയത്തിന്റെ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ട മേഖല സംഗമത്തിൽ നൂറോളം ആളുകൾ പങ്കെടുത്തു. ജപമാലയ്ക്ക് ശേഷം നടന്ന മീറ്റിങ്ങിൽ രൂപത പ്രസിഡണ്ട് ശ്രീ. സജീവ് പുരയിടത്തിൽ അധ്യക്ഷത വഹിച്ചു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാദർ വിൻസന്റ് കണ്ടെത്തിൽ ഉദ്ഘാടനം നിർവഹിച്ചു. താമരശ്ശേരി രൂപത മരിയൻ പ്രോ - ലൈഫിന്റെ പ്രാധാന്യത്തെ പറ്റിയും, വിവിധ പ്രവർത്തനങ്ങളെപറ്റിയും, രൂപത ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ തന്റെ മുഖ്യപ്രഭാഷണത്തിലൂടെ സൂചിപ്പിച്ചു. കെ.സി.ബി.സി. സംസ്ഥാന സമിതി സെക്രട്ടറി ശ്രീ.മതി സെമിലി സുനിൽ മീറ്റിങ്ങിന് ആശംസകൾ അറിയിച്ച് സംസാരിച്ചു. മീറ്റിങ്ങിൽ സംബന്ധിച്ച എല്ലാ കുടുംബങ്ങൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

2025 വർഷത്തെ കൂരാച്ചുണ്ട് മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു: പ്രസിഡന്റ് ശ്രീ. അനു കടുകൻമാക്കൽ കല്ലാനോട്, വൈസ് പ്രസിഡന്റ് ഫ്രാൻസിസ് കോക്കാട്ട് പേരാമ്പ്ര, സെക്രട്ടറി പെൻസി ബിനു ചക്കിട്ടപ്പാറ, ജോയിൻ സെ

ക്രട്ടറി മീനു വാളാങ്കുളത്തിൽ കൂരാച്ചുണ്ട്, ട്രഷറർ റോയി പ്ലാത്തോട്ടം കാറ്റുള്ളമല.

**ഇടവകകളിൽ ചാർജ് വഹിക്കുന്നവർ:**

കക്കയം - സിനോ കറുകപ്പള്ളി, കരിയാത്തുംപാറ - ഷിനോജ് മുണ്ടനാട്ട്, നരിനട - ബിനി പൂക്കളം, ബിനോയി മാടവന, പാത്തിപാറ - മിനി ചേരിയിൽ.

മീറ്റിങ്ങിനു ശേഷം കുട്ടികൾക്ക് വിവിധ മത്സരങ്ങൾ നടത്തി. വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് S. H. പ്രസിഡന്റ് സജീവ് പുരയിടത്തിൽ, ശ്രീമതി സെമിലി സുനിൽ, സുബിൻ വെള്ളാപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

## യൂദിത്ത് ഫോറം

**മരിയാപുരം ഇടവക - പ്രവർത്തന റിപ്പോർട്ട്**

08-12-2024 ന് നടത്തിയ മീറ്റിംഗിലെ തീരുമാനപ്രകാരം 22-12-2024 ന് യൂദിത്ത് അംഗങ്ങൾ ക്രിസ്മസ് ആഘോഷം നടത്തി. ലളിതവും മനോഹരവും എല്ലാവർക്കും സന്തോഷദായകവും ആയിരുന്നു അന്നത്തെ പരിപാടികൾ. വികാരി ജോർജ് കളപ്പുര അച്ചൻ അദ്ധ്യക്ഷം വഹിച്ചു. രൂപതാ തലമത്സരങ്ങളിൽ പങ്കെടുത്ത എല്ലാ ഐറ്റങ്ങൾക്കും സമ്മാനം വാങ്ങുകയും രൂപതയിലെ ഓവറോൾ ഫസ്റ്റ് ആകുകയും ചെയ്ത എല്ലാ വനിതകളെയും വികാരിയച്ചൻ അഭിനന്ദിക്കുകയും അവർക്ക് പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**മത്സര വിജയികളുടെ പേരുവിവരങ്ങൾ**

**1. ക്വിസ് മത്സരം**

ഫസ്റ്റ് പ്രൈസ് - സിസിലി ജോസഫ് വെട്ടം
& അന്നമ്മ ജോസഫ് വാത്താച്ചിറ

**2. സിംഗിൾ സോങ്**

സെക്കന്റ് പ്രൈസ് - അന്നമ്മ ജോസഫ് മുട്ടത്ത്

**3. സിംഗിൾ ഡാൻസ്**

ഫസ്റ്റ് പ്രൈസ് - സോളി ജോസഫ് മറ്റത്തിൽ
സെക്കന്റ് പ്രൈസ് - ഓമന മാത്യു പെരുകിലം തറപ്പേൽ

**4. കരോൾ ഗ്രൂപ്പ് സോങ്**

സെക്കന്റ്പ്രൈസ്

1. അന്നമ്മ ജോസഫ് മുട്ടത്ത്
2. സോളി ജോസഫ് മറ്റത്തിൽ
3. സൂസമ്മ ജൂലിയൻ ചക്കുങ്കൽ
4. ഓമന മാത്യു പെരുകിലം തറപ്പേൽ
5. സുജ ജോർജ് വാത്താച്ചിറ
6. മേഴ്സി സെബാസ്റ്റ്യൻ മാഞ്ഞൂരാൻ
7. മിനി തോമസ് ഇയ്യാലിൽ

**5. പ്രസംഗം**

തേർഡ് പ്രൈസ് - മോളി മാത്യു ഇടനാട്

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രൊ -ലൈഫ്, യൂദിത്ത്ഫോറം

# ഇൻഫാം

## താമരശ്ശേരി ഇൻഫാമിന് പുതിയ നേതൃത്വം

താമരശ്ശേരിയിൽ ചേർന്ന ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ജനറൽബോഡിയിൽ വച്ച് ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ നേതൃത്വത്തിൽ 2025-27 വർഷത്തേക്കുള്ള പുതിയ ജില്ല ഭാരവാഹികളെ തിരഞ്ഞെടുത്തു.ബ്രോണി നമ്പ്യാപറമ്പിൽ (പ്രസിഡൻറ്), മാർട്ടിൻ തെങ്ങുംതോട്ടത്തിൽ (സെക്രട്ടറി), രാജു ചോള്ളാമടത്തിൽ (ട്രഷറർ), ജോബി ഇലഞ്ഞിക്കൽ (വൈസ് പ്രസിഡൻറ്), ബോണി ജേക്കബ് (ജോയിന്റ് സെക്രട്ടറി) എക്സിക്യൂട്ടീവ് അംഗങ്ങൾ: അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, ജോൺ കുന്നത്തേട്ട്, ജോണി കളപ്പുര, റെജി പേഴത്തിങ്കൽ, മാത്യു തേരകം, ബേബി വട്ടുകുന്നേൽ, ജോണി മലപ്രവനാൽ, ലൈജു അരി പറമ്പിൽ, സെബാസ്റ്റ്യൻ പേഴത്തിങ്കൽ. വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണങ്ങൾക്ക് എതിരെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള നിസ്സംഗതക്കെതിരെ യോഗം ശക്തമായ ഭാഷയിൽ പ്രതിഷേധം രേഖപ്പെടുത്തി. മലപ്പുറം ജില്ലയിലെ അരീക്കോട് ഊർങ്ങാട്ടേരിയിൽ കാട്ടാന കിണറിൽ വീണ സംഭവത്തിലും വയനാട് മാനന്തവാടിയിലെ പഞ്ചാരക്കൊല്ലിയിൽ കടുവ സ്ത്രീയെ ആക്രമിച്ച് കൊലപ്പെടുത്തിയതിനെതിരെയും

അനുദിനം ജനവാസ മേഖലകളിൽ ഉള്ള വന്യമൃഗങ്ങളുടെ സാന്നിധ്യത്തെയും ആക്രമണങ്ങളെയും ഗവൺമെൻറ് നിസ്സംഗതയോടെയാണ് വീക്ഷിക്കുന്നത്. മനുഷ്യജീവന് മൃഗങ്ങളുടെ പോലും വിലയില്ലാത്ത അവസ്ഥയിലാണ് നമ്മൾ ജീവിക്കുന്നത് എന്ന് യോഗം വിലയിരുത്തി. ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും വിഹരിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാനുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ അധികാരത്തെ പിൻവലിക്കുന്ന ഹൈക്കോടതി നടപടിയെയും യോഗം അപലപിച്ചു. യോഗത്തിൽ താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജോൺ കുന്നത്തേട്ട് 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷനായിരുന്നു. നിയുക്ത പ്രസിഡൻറ് ബ്രോണി നമ്പ്യാപറമ്പിൽ നയപ്രഖ്യാപനം നടത്തി. യോഗത്തിൽ ഇൻഫാമിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ

# മദ്യവിരുദ്ധസമിതി

## വ്യക്തിത്വ വികസന ക്ലബ്ബ് അവാർഡ് വിതരണവും നേതൃത്വ പരിശീലന ക്യാമ്പും നടത്തി

കെ സി ബി സി ലഹരി വിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെയും കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെയും ആഭിമുഖ്യത്തിൽ രൂപതയിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ്ബ് സാഹിത്യോത്സവ വിജയികൾക്കുള്ള അവാർഡ് വിതരണവും നേതൃത്വ പരിശീലന ക്യാമ്പും നടത്തി.

ഉത്തമ വ്യക്തിത്വമുള്ള ലഹരിരഹിത നവസമൂഹത്തെ വാർ ത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വ്യക്തിത്വ വികസന ലഹരി വിരുദ്ധ ക്ലബ്ബ് പ്രവർത്തിച്ചു വരുന്നത്.

ബിഷപ്പ് സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ സമിതി രൂപത പ്രസിഡന്റ് കുര്യൻ ചെമ്പനാനി സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. രൂപത ഡയറക്ടർ ഫാദർ ജിന്റോ മച്ചുകു

ഴിയിൽ മുഖ്യ പ്രഭാഷണം നടത്തി. സി ഒ ഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര അനുഗ്രഹ പ്രഭാഷണം നടത്തി. എൽ ഡി എസ് കോ ഓർഡിനേറ്റർ മാത്യൂ ഇമ്മാനുവൽ മേൽവെട്ടം എന്നിവർ നേതൃത്വ പരിശീലന ക്ലാസ്സെടുത്തു.

രൂപത സെക്രട്ടറി ജോളി ഉണ്ണ്യേപ്പിള്ളിൽ, സംസ്ഥാന സെക്രട്ടറി റോയി മുരിക്കോലിൽ, രൂപത ട്രഷറർ ജോസ് കാവിൽ പുരയിടം, സാഹിത്യോത്സവം ജനറൽ കൺവീനർ കെ സി ജോസഫ്, റിസോഴ്സ് ടീം അംഗം സി. ഗീത സി എം സി എന്നിവർ പ്രസംഗിച്ചു. രൂപതയിലെ മുഴുവൻ സ്കൂളുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ മച്ചുകുഴി**
ഡയറക്ടർ

# ബഥാനിയ ധ്യാനകേന്ദ്രം

*അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.* (1 പത്രോസ് 2:24)

സങ്കടങ്ങളുടെയും വേദനകളുടെയും തീക്കനൽ ചവിട്ടി നടന്നവർക്ക് ആഹ്ലാദവും ആനന്ദവുമായി പുതിയ വർഷം കടന്നു വന്നു– 2025. പ്രത്യാശയോടെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുന്നതിനായി ജനുവരിയിൽ ബഥാനിയ ഏറെ ശുശ്രൂഷകൾ ഒരുക്കിയിരുന്നു.

### ഏകദിന കൺവെൻഷൻ

ജനുവരി മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷൻ ശുശ്രൂഷകൾ നടന്നു. കുമ്പസരിച്ച് ഒരുങ്ങി വിശുദ്ധിയോടെ പുതുവർഷത്തിലേക്ക് പ്രവേശിക്കുന്നതായി ധാരാളം ആളുകൾ മാസത്തിന്റെ തുടക്കം മുതലേ ഉണ്ടായിരുന്നു. തങ്ങളുടെ വ്യക്തിപരമായ നിയോഗങ്ങൾ എഴുതി സമർപ്പിക്കുന്നതിനായും ദൈവകൃപയാൽ നിറയുന്നതിനുമായി അനേകർ ഓരോ വെള്ളിയാഴ്ചകളിലും ശുശ്രൂഷകളിൽ പങ്കെടുക്കുന്നു.

മൂന്നാം തിയ്യതി ആദ്യ വെള്ളിയാഴ്ച ആവേ മരിയാ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. അന്നത്തെ ആരാധനയിലും വി.കുർബ്ബാനയിലും പങ്കെടുത്തവർ തങ്ങളുടെ വിശ്വാസം പ്രഘോഷിക്കുകയായിരുന്നു.

രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച കൺവെൻഷനിൽ വി.കുരിശിന്റെ വഴി, ജപമാല, സ്തുതിആരാധന, ദിവ്യകാരുണ്യ ആരാധന, ഡെലിവറൻസ് ശുശ്രൂഷ, സൗഖ്യശുശ്രൂഷ, വി.കുമ്പസാരം, വി.കുർബ്ബാന, വചനസന്ദേശം, സ്പ്രിച്വൽ ഷെയറിംഗ് തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു.

### മാതൃവേദി രൂപതാസംഗമം

നാലാം തിയ്യതി താമരശ്ശേരി രൂപതയിലെ മാതൃവേദി അംഗങ്ങളുടെ സംഗമം ബഥാനിയായിൽ വെച്ച് നടക്കുകയുണ്ടായി. പുതുവർഷത്തിൽ പുതിയ ചൈതന്യത്തോടെ പ്രവർത്തനനിരതരാകുന്നതിനായി ആയിരത്തോളം അമ്മമാർ ഒരുമിച്ചു ചേർന്നു. പ്രശസ്ത പ്രഭാഷകയായ ശ്രീമതി.മെർലിൻ ടി.മാത്യുവിന്റെ മോട്ടിവേഷൻ ക്ലാസ്സോടെയാണ് കൂട്ടായ്മ ആരംഭിച്ചത്. കോഴിക്കോട് കോർപ്പറേഷൻ മേയർ ശ്രീമതി ബീന ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തുകയുണ്ടായി. സമാപന സമ്മേളനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

### സ്പിരിച്വൽ ഷെയറിംഗ്

ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിച്വൽ ഷെയറിംഗ് ഉണ്ടായിരുന്നു. വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ തിരക്കു നിയന്ത്രിക്കുന്നതിനായി മുൻകൂട്ടി ബുക്കു ചെയ്യുവാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. അനേകർക്ക് ആശ്വാസകരമാകുന്ന ഈ ശുശ്രൂഷ നയിക്കുന്നത് പ്രത്യേക പരിശീലനം ലഭിച്ച സിസ്റ്റേഴ്സും ആത്മായരുമാണ്.

### വി.കുർബ്ബാനയും വി.കുമ്പസാരവും

ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിയ്ക്കും ഉച്ചയ്ക്ക് 12 മണിയ്ക്കും വി.കുർബ്ബാനയുണ്ടായിരുന്നു. എല്ലാ ദിവസവും വി.കുമ്പസാരത്തിനുള്ള സൗകര്യവും ക്രമീകരിച്ചിരുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥന

ജനുവരി മാസം എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. ബഥാനിയായ്ക്കുവേണ്ടി മാത്രമല്ല ലോകം മുഴുവനും വേണ്ടിയും നടക്കുന്ന ഈ പ്രാർത്ഥന നയിക്കുന്നത് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്.

### ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ

07 ആദ്യവെള്ളി : ഏകദിന കൺവെൻഷൻ
14 വെള്ളി : ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (14-17)
21 വെള്ളി : ഏകദിന കൺവെൻഷൻ
22 ശനി : ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ
28 വെള്ളി : ഏകദിന കൺവെൻഷൻ

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി

## കരിയർ ഗൈഡൻസ് സെമിനാർ

2025 മാർച്ചിലെ പ്ലസ് ടു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി എൽ ഡി എസ്സിന്റെ, നേതൃത്വത്തിൽ കരിയർ ഗൈഡൻസ് സെമിനാർ 'പാത്ത് ഫൈൻഡർ 2k25' സംഘടിപ്പിച്ചു. മരുതോങ്കര, കൂരാച്ചുണ്ട്, തിരുവമ്പാടി, ചേവായൂർ, പുതുപ്പാടി, നിലമ്പൂർ, കോടഞ്ചേരി, കണിയാരം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലാണ് സെമിനാർ നടത്തിയത്. പ്രശസ്ത കരിയർഗുരു മില്ലറ്റ് ചാണ്ടി ക്ലാസുകൾ നയിച്ചു. മാത്യു ഇമ്മാനുവൽ മേൽവട്ടം, ഷിനോജ് പി സി, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് തോമസ്, ഏരിയ കോഡിനേറ്റർമാരായ ഷീന റോബിൻ, മോളി സെബാസ്റ്റ്യൻ, തങ്കമ്മ സേവ്യർ, ഡെയ്സി ജോയ്, ഷീജ ടോബി, റെനി സാബു എന്നിവർ നേതൃത്വം നൽകി.

2025 – 26 അധ്യായന വർഷത്തേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു. വിദ്യാർത്ഥികൾക്ക് 10,000 രൂപ മുൻകൂറായി അടച്ച് കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര പ്രദേശ്, തെലുങ്കാന, മഹാരാഷ്ട്ര, പോണ്ടിച്ചേരി എന്നിവിടങ്ങളിലെ കോളേജുകളിൽ സീറ്റ് ഉറപ്പുവരുത്താവുന്നതാണ്. എൽ ഡി എസ് മുഖേന അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് 10000 മുതൽ ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും.

## ട്രെയിനിങ് പ്രോഗ്രാം

16-1-2025 വ്യാഴാഴ്ച്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെ പ്ലസ് ടു വിദ്യാർഥികൾക്കായുള്ള ജീവിതദർശന ശില്പശാല 'സ്പ്രിംഗ് ബോർഡ്' എരഞ്ഞിക്കൽ പി വി എസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തി. എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി എങ്ങനെ പരീക്ഷയെ അഭിമുഖീകരിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി 'സ്പ്രിംഗ് അപ്പ്' പോഗ്രാം സെന്റ് ജോസഫ് എച്ച്എസ്എസ് മേപ്പാടി സ്കൂളിൽ വെച്ച് നടത്തി.

## ഡി സി എൽ സർട്ടിഫിക്കറ്റ് വിതരണം

കോഴിക്കോട് പ്രവിശ്യയിൽ 8500 ൽ അധികം വിദ്യാർത്ഥികൾ ഡി സി എൽ ഐ ക്യു ചലഞ്ചിൽ പങ്കെടുത്തു. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും ഉന്നതവിജയം നേടിയവർക്ക് ക്യാഷ് പ്രൈസും മെഡലും നൽകി.

# മദർ തെരേസ ട്രെയിനിങ് സെന്റർ

ഭാഷ പഠനത്തിനായുള്ള സി ഒ ഡി യുടെ സംരംഭമാണ് മദർ തെരേസ ട്രെയിനിങ് സെന്റർ. നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വിദേശ രാജ്യങ്ങളിൽ ജോലിയും ഉന്നത പഠനവും സാധ്യമാക്കി കൊണ്ടിരിക്കുന്നു.

OET, IELTS, GERMAN, PTE, CBT, MOH, HAAD, DHA, PROMATRIC തുടങ്ങിയ കോഴ്സുകൾക്ക് ഓൺലൈൻ ക്ലാസുകൾ മിതമായ ഫീസ് നിരക്കിൽ നടത്തിവരുന്നു.

ഈ സ്ഥാപനത്തിലെ മികച്ച പഠനാന്തരീക്ഷം, പരിചയസമ്പന്നരും ഉന്നത വിദ്യാഭ്യാസ യോഗ്യതയും ഉള്ള അധ്യാപകരുടെ നിസ്വാർത്ഥ സേവനം, വിദ്യാർത്ഥികൾക്ക് നൽകുന്ന വ്യക്തിഗത പരിശീലനം, നിലവാരമുള്ള പഠന സാമഗ്രികൾ, ലാംഗ്വേജ് ലാബ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഉള്ള സുരക്ഷിതമായ താമസസൗകര്യം, മികച്ച ഭക്ഷണം എന്നിവ ഈ സ്ഥാപനത്തെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നു.

കർണാടകയിലെ ബാംഗ്ലൂർ, മൈസൂർ, ഉടുപ്പി, മംഗലാപുരം, ഹസ്സൻ, തുങ്കൂർ എന്നിവിടങ്ങളിലെ കോളേജുകൾ സന്ദർശിച്ച് 50 ലേറെ നേഴ്സിങ് കോളേജുകളിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി വിദേശ ജോലി സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. മദർ തെരേസ ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പി.സി ഷിനോജ്, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

മദർ തെരേസയിൽ IELTS, OET ഓഫ്ലൈൻ പുതിയ ബാച്ചുകൾ ആരംഭിച്ചു. മദർ തെരേസ ഇൻസ്റ്റിറ്റ്യൂറ്റിന് കീഴിൽ വിദ്യാർത്ഥികൾ, വനിതകൾ, സ്വാശ്രയ സംഘാംഗങ്ങൾ തുടങ്ങി വിവിധ മേഖലയിൽ പെട്ടവർക്ക് വ്യത്യസ്ത രീതിയിലുള്ള ട്രെയിനിങ് പ്രോഗ്രാമുകൾ നടത്തിവരുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ

# വികസന വേദി

## ക്യാൻസർ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു

ജീവിതശൈലി രോഗങ്ങൾ, ക്യാൻസർ രോഗികൾ എണ്ണത്തിൽ ക്രമാതീതമായ വർധനവാണ് പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ ഏതാനും വർഷമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ CODയുടെ നേതൃത്വത്തിൽ ആശാകിരണം പദ്ധതിക്ക് തുടക്കമിട്ടത്. ആശാകിരണം പദ്ധതിയുടെ ഭാഗമായി ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ വനിതകൾക്കായി സൗജന്യ ക്യാൻസർ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ക്യാൻസറിന്റെ കാരണങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി വിദഗ്ദ്ധർ ക്ലാസുകളെടുക്കും. അതാതു ഇടവക പാരീഷ്, പഞ്ചായത്തു ഹാൾ, സ്കൂൾ എന്നിവിടങ്ങളിൽ നടന്ന പ്രോഗ്രാം ഇടവക വികാരിമാർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ഉദ്ഘാടനം ചെയ്തു. സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര വിവിധ പദ്ധതികളെക്കുറുച്ച് വിശദീകരിച്ചു. റോണി ഗിൽബർട്ട്, വിപിൻ വാസുദേവൻ എ, ധന്യ എം, എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജിവിഎസ് പ്രതിനിധികൾ, ഏരിയ കോർഡിനേറ്റർ, സിഒഡി പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ്, കോ ഓർഡിനേറ്റർ ജോയ് കെ.സി, ആൽബിൻ സക്കറിയാസ് എന്നിവർ നേതൃത്വം നല്കി

വളരെ പ്രയോജനകരവും ഉപകാരപ്രദവും ആയിരുന്നു. കൂടാതെ, നമ്മുടെ കുട്ടികൾക്ക് മാരകമായ പല രോഗങ്ങളും വരാൻ അറിവില്ലായ്മകൊണ്ട് അമ്മമാർ തന്നെ കാരണമാകാവുന്ന സാഹചര്യത്തിൽ ഇത്രയും വളരെ പ്രാധാന്യവും ആരോഗ്യകരവുമായ പ്രധാനപെട്ട ഒരു വിഷയത്തെ കുറിച്ച് അവബോധം ലഭിക്കാൻ ഈ ക്ലാസ്സ് സഹായിച്ചു.

## ക്രിസ്തുമസ് ആഘോഷം

സി ഒ ഡി യുടെ ക്രിസ്തുമസ് ആഘോഷം അൽഫോൻസാ ട്രെയിനിങ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കേക്ക് മുറിച്ചു ഉദ്ഘാടനം ചെയ്തു. നല്ലൊരു ക്രിസ്തുമസ് സന്ദേശം നല്കി. ഗ്രാമ വികസന സമിതി പ്രതിനിധികൾ, ഇടവക കോഓർഡിനേറ്റർ, ഏരിയ കോർഡിനേറ്റർ, അസിസ്റ്റന്റ് കോഓർഡിനേറ്റർ, സി ഒ ഡി സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. കരോൾ ഗാനങ്ങൾ ആലപിച്ചും, കലാപരിപാടികൾ നടത്തിയും സന്തോഷം പങ്കുവച്ചു. എല്ലാവർക്കും ബിഷപ്പ് സി ഒ ഡി യുടെ ക്രിസ്തുമസ്

ഗിഫ്റ്റ് നൽകി. ആശാകിരണം- ക്യാൻസർ ബോധവത്കരണ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.

### ന്യൂ ഇയർ ആഘോഷം

കാറ്റുള്ള മല ദർശനമഹിളാസമാജം വാർഷികാഘോഷവും ന്യൂ ഇയർ ആഘോഷവും നടത്തി കൂടുതൽ ഹാജറുള്ളവർക്ക് സമ്മാനങ്ങൾ നല്കി സ്നേഹ വിരുന്നു നടത്തി. ഗ്രാമവികസന സമിതികൾ, സ്വയം സഹായ സംഘങ്ങൾ എന്നിവിടങ്ങളിൽ ഏരിയ കോഓർഡിനേറ്റർമാരുടെ സാന്നിധ്യത്തിൽ ന്യൂ ഇയർ ആഘോഷം നടത്തി.

### കാർഷിക വായ്പ വിതരണം

സിഡിയുടെ നേതൃത്വത്തിൽ ഇടവക- പഞ്ചായത്തുതലങ്ങളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും രൂപീകരിച്ചു. കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കനറാ ബാങ്ക് FCHഅമൃത അരുൺ, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി. കണ്ണോത്ത്, പുല്ലൂരാംപാറ എന്നിവിടങ്ങളിലായി 50 ജെഎൽജികൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

### സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനത്തിന്റെ ഭാഗമായി പ്രിയദർശിനി കോളേജ് മലപ്പുറം, എസ്.ബി കോളേജ് ചങ്ങനാശ്ശേരി, ഹോളി ക്രോസ്സ് ഇൻസ്റ്റിറ്റ്യൂട്ട് നടക്കാവ്, ലിസ്സ കോളേജ് കൈതപ്പൊയിൽ, ഡോൺബോസ്കോ കോളേജ് മാമ്പറ്റ, ഐഡിയൽ ക്യാമ്പസ് ഓഫ് എഡ്യൂക്കേഷൻ ചെർപ്പുളശ്ശേരി. ഡോൺബോസ്കോ ഇരിട്ടി എന്നിവിടങ്ങളിൽ നിന്ന് എം.എസ്.ഡബ്ല്യൂ/ ബി.എസ്.ഡബ്ല്യൂ കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നടത്തി വരുന്നു. പരിശീലനത്തിന്റെ ഭാഗമായി പ്രൊജക്റ്റ് കോ ഓർഡിനേറ്റർമാരുമായി സഹകരിച്ചു ഓഫിസിലും ഫീൽഡിലുമായി പരിശീലനം നേടിവരുന്നു. ഗ്രാമ വികസന സമിതികൾ, എംസിസി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ചു COD ഏരിയ കോഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ പരിപാടികളിൽ പങ്കെടുത്തു ആവശ്യമായ വിഷയങ്ങളെക്കുറിച്ചു ക്ലാസ്സുകൾ നല്കുകയും ചെയ്തു വരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

### വിസിറ്റ് കാരിത്താസ് ഇന്ത്യ ടീം

കാരിത്താസ് ഇന്ത്യ ചെയർമാൻ ഫാ. ആന്റണി ഫെർണാണ്ടസ്, ഡോ. ഹരിദാസ്, ശ്രീ. അബീഷ് ആന്റണി എന്നിവർ വിസിറ്റ് ചെയ്തു. രൂപതകാര്യാലയത്തിൽ നടന്ന മീറ്റിംഗ് സിഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര സ്വാഗ

തം ആശംസിച്ചു സംസാരിച്ചു. കാരിത്താസ് ഇന്ത്യ ചെയർമാൻ, മറ്റ് അംഗങ്ങൾ കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങളെക്കുറിച്ചു. സി.ഒ.ഡി. സ്റ്റാഫ് അംഗങ്ങൾ, വിവിധ ഡിപ്പാർട്മെന്റ് സ്റ്റാഫ്അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സി.ഒ.ഡി. പ്രൊജക്റ്റ് കോർഡിനേറ്റർ സിദ്ധാർഥ് നന്ദി പറഞ്ഞു.

## Institute of Food and Agricultural Ethics (IFAE)

ധാർമിക മൂല്യങ്ങൾക്കനുസൃതമായി ഭക്ഷ്യ, കാർഷിക മേഖലകളിലെ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താമരശ്ശേരി രൂപത തുടങ്ങിയ സംരംഭമാണ് IFAE.

www.ifaeindia.com

### Kisan Bharath

IFAE യുടെ നേതൃത്വത്തിൽ തുടങ്ങിയ ഏറ്റവും പുതിയ സംവിധാനമാണ് കിസാൻഭാരത് എന്ന ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം.

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വാങ്ങാനും വിൽക്കാനും ഈ വെബ് പോർട്ടലിലൂടെ സാധിക്കുന്നു. കൂടാതെ കാർഷിക പണിയായുധങ്ങൾ വാടകയ്ക്ക് എടുക്കാനും നൽകാനും കാർഷിക കാർഷികേതര ജോലികൾ കണ്ടെത്താനും നൽകാനും ഇതിലൂടെ സാധിക്കുന്നു. അതുപോലെതന്നെ ഭവന, ഭൂമി വസ്തുവകകളുടെ വാങ്ങൽ വിൽക്കൽ വാടക സംബന്ധമായ ഏതൊരു ആവശ്യങ്ങൾക്ക് വേണ്ടിയും ഈ പോർട്ടൽ പ്രയോജനപ്പെടുത്താവുന്നതാണ്.

www.kisanbharath.com

Helpline- 9946646205

### Kisan Line

കർഷകർക്ക് ഏതൊരാവശ്യത്തിനും ബന്ധപ്പെടാവുന്ന ഹെൽപ്പ് ലൈൻ ടോൾ ഫ്രീ നമ്പർ സമ്പ്രദായമാണ് കിസാൻലൈൻ.

ടോൾഫ്രീ നമ്പർ: 1800425377

www.kisanline.com

### Biodiversity Agricultural Nursery

IFAE യുടെ നേതൃത്വത്തിൽ തുടങ്ങുന്ന മറ്റൊരു സംരംഭമാണ് കാർഷിക നഴ്സറി. താമരശ്ശേരി ബിഷപ്പ്സ് ഹൗസിനോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**Post Graduate Diploma in Nutritional Counselling and Diet Therapy (PDNCDT):**

IFAE യുടെ നേതൃത്വത്തിൽ ഒരു വർഷത്തെ ഓൺലൈൻ Post Graduate Diploma Course പുരോഗമിക്കുന്നു. 95 കുട്ടികൾ ക്ലാസ്സിൽ പങ്കെടുക്കുന്നു.

## താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി (TAFCOS)

സൊസൈറ്റിയിൽ നിന്നും SHG ഗ്രൂപ്പ് വായ്പ, ഗോൾഡ് ലോൺ വിവിധ സല: കളിലെ ഗ്രൂപ്പ് ഡെപ്പോസിറ്റ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ വിവിധ ഇൻഷുറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജൻസിയായി പ്രവർത്തിക്കുന്നതിന് കേന്ദ്രസർക്കാർ സംവിധാനമായ IRDAI യിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു.

കർഷകരിൽ നിന്നും കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് മൂല്യവർദ്ധിത ഉല്പ്പന്നങ്ങളാക്കി വിദേശ കയറ്റുമതിക്കുള്ള പദ്ധതികൾ തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് സമർപ്പിക്കാനുള്ള പ്രവർത്തനവും നടത്തി വരുന്നു. ബാങ്കിങ് സേവനങ്ങൾക്കായി ICICI ബാങ്കുമായി ചേർന്ന് ടാഫ്കോസിന്റെ മൊബൈൽ ആപ്പും ഇടപാടുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇടപാടുകാരുടെ സൗകര്യാർത്ഥം സൊസൈറ്റിയിൽ സേഫ് ഡെപ്പോസിറ്റ് ലോക്കർ സംവിധാനം ആരംഭിച്ചിട്ടുണ്ട്.

കർഷകരെ സഹായിക്കുന്നതിനുള്ള സംവിധാനമായ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന് പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്തിവരുന്നു.

ഓഫീസ് ഫോൺ: 62829 14112

## PILGRIMAGE (തീർത്ഥയാത്ര)

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ വർഷങ്ങൾതോറും വിവിധ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്രകൾ നടത്തിവരുന്നു. എല്ലാ യാത്രകൾക്കും വൈദികരുടെ ആത്മീയ നേതൃത്വം, യാത്രയ്ക്ക് ഒരുക്കമായി വിവിധ മീറ്റിംഗുകൾ, പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം എന്നീ സൗകര്യങ്ങൾ ഉൾപ്പെടുന്നു.

കഴിഞ്ഞ വർഷങ്ങളിൽ സെപ്റ്റംബർ മാസത്തിൽ വിശുദ്ധനാട് തീർത്ഥയാത്ര എന്ന പേരിൽ യേശു ജനിച്ചു ജീവിച്ച നാട്ടിലൂടെ ഒരു പുണ്യ യാത്ര നടത്തി. ഒപ്പം ഒക്ടോബർ മാസത്തിൽ യൂറോപ്പ് യാത്ര നടത്തപ്പെട്ടു. മാർപാപ്പയെ കാണുവാനുള്ള സുവർണ്ണാവസരം ഉണ്ടായി. നവംബർ, ഡിസംബർ മാസങ്ങളിൽ ഗോവ യാത്ര നടത്തി. വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം ദർശിക്കുവാനുള്ള സുവർണ്ണ അവസരം ഉണ്ടായി.

ഈ വർഷങ്ങളിലേക്കുള്ള തീർത്ഥയാത്രകൾ - വിശുദ്ധനാട് തീർത്ഥയാത്ര (ഏപ്രിൽ 22, മെയ് 12), ജൂബിലി വർഷത്തിൽ റോം സന്ദർശിക്കുവാനും മാർപാപ്പയെ കാണുവാനും സുവർണ്ണ അവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥയാത്ര (മാർച്ച് 18, മെയ്19), ഡൽഹി - ആഗ്ര - അമൃത്സർ യാത്ര (ഏപ്രിൽ 24), ഗോവ യാത്ര (ഏപ്രിൽ 25, മെയ്2, മെയ് 9) നടത്തുവാൻ തീരുമാനിച്ചു. ബുക്കിങ് സൗകര്യം ആരംഭിച്ചു.

യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തികളുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക. PH : 9544285018

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2024 ഡിസംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Koorottupara | 15,000.00 |
| 2 | Muthukad | 15,000.00 |
| 3 | Chakkittappara | 15,000.00 |

**Home**

| | | |
|---|---|---|
| 4 | Maramchatty | 10,000.00 |
| 5 | Padathukadave | 15,000.00 |
| 6 | Vettilappara | 15,000.00 |
| 7 | Kakkadampoil | 15,000.00 |

**Marriage**

| | | |
|---|---|---|
| 8 | Kakkayam | 20,000.00 |

**Medical**

| | | |
|---|---|---|
| 9 | Panamplave | 15,000.00 |
| 10 | Pedikappara | 10,000.00 |
| 11 | Kallanode | 10,000.00 |
| 12 | Thiruvambady | 15,000.00 |
| 13 | Vilangad | 10,000.00 |
| 14 | Kannoth | 10,000.00 |
| 15 | Koodaranji | 12,000.00 |
| 16 | Thottumukkam | 15,000.00 |
| 17 | Venappara | 12,000.00 |
| 18 | Venappara | 8,000.00 |
| 19 | Maruthomkara | 15,000.00 |
| 20 | Manjakunnu | 15,000.00 |
| 21 | Muthappanpuzha | 10,000.00 |
| 22 | Palloor | 10,000.00 |
| 23 | Koodaranji | 15,000.00 |
| 24 | Koodaranji | 15,000.00 |
| 25 | Kodanchery | 15,000.00 |
| 26 | Thamarassery | 12,000.00 |
| 27 | Chippilithode | 10,000.00 |
| 28 | Kodanchery | 10,000.00 |
| 29 | Thazhekode | 12,000.00 |
| 30 | Mariapuram | 15,000.00 |

**Miscellaneous**

| | | |
|---|---|---|
| 31 | Perinthalmanna | 10,000.00 |
| | **Total** | **4,01,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ഡിസംബർ**

29 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയ സ്ഥാപനത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് സീറോമ ലബാർ സഭാദ്ധ്യക്ഷൻ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവി നോടൊപ്പം വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ഇടവകത്തി രുന്നാൾ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നേരം, അശോകപുരം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പാറോപ്പടി സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ എ.കെ.സി.സി. രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ, വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ, തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ, കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിങ്ങ് എന്നിവരോടൊപ്പം പങ്കെടുത്തു.

വൈകുന്നേരം, ബിജ്നോർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് നെല്ലായിപ്പറമ്പിൽ പിതാവിനെ രൂപതാ ഭവനിൽ സ്വീകരിച്ചു.

30 രാവിലെ, പൂഴിത്തോട് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് പന്തപ്ലാക്കലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, പുഷ്പഗിരി ഇടവകയിൽ ഡോൺ ബോസ്കോ സന്യാസ സമൂഹത്തിന് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് കീത്താപ്പിള്ളിയ്ക്കും മ്ശംശാന ജെയിംസ് പുളിമൂട്ടിലിനും പൗരോഹിത്യ പട്ടം നൽകി.

31 രാവിലെ, കണ്ണോത്ത് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന മൈക്കിൾ നീലംപറമ്പിലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ പുതുതായി പണി കഴിപ്പിച്ച കിഡ്സ് പാർക്ക് ഉദ്ഘാടനം ചെയ്തു. തുടർന്ന് സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി നിർമ്മിച്ച വി. യൗസേപ്പിതാവിന്റെ ഗ്രോട്ടോ വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, പ്രസന്റേഷൻ പ്രവിശ്യ ഭവനത്തിൽ പരേതയായ സി. ജ്യോതി ആന്റണി അതിരക്കുളങ്ങരയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവിനോ ടൊപ്പം കാർമ്മികത്വം വഹിച്ചു.

**ജനുവരി**

01 രാവിലെ, ചെമ്പുകടവ് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ഇമ്മാനുവൽ കുറൂരിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, കണ്ണോത്ത് ഇടവകയിൽ താമരശ്ശേരി രൂപത വൈദികൻ തോമസ് തുരുത്തിയിൽ അച്ചന്റെ പൗരോഹിത്യ സ്വീകരണ ത്തിന്റെ ഇരുപത്തിയഞ്ചാം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

02 രാവിലെ, ആനിക്കാംപൊയിൽ ഇടവകയിൽ ചെറുപുഷ്പ സന്യാസ സഭയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോൺ വാളനാക്കുഴിയിൽ സി.എസ്.ടി. ക്ക് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ ഏതാനും ഒരു സന്യാസാർത്ഥിനികളുടെ നോവിഷ്യേറ്റ് പ്രവേശനത്തോടനുബന്ധിച്ച് വി. കുർബ്ബാന യർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി എം.എം.പി.സി.യിൽ കെ.സി.വൈ.എം. - എസ്.എം.വൈ.എം. താമരശ്ശേരി രൂപതാ സെനറ്റിൽ പങ്കെടു ത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകുന്നേരം, കക്കാടംപൊയിൽ ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

താമരശ്ശേരി പുല്ലാഞ്ഞിമേട്, ഒയാസിസ് സീനിയർ കെയർ ഹോമിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

03 രാവിലെ, തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ ഒരു കുഞ്ഞിന്റെ ദിവ്യകാരുണ്യ സ്വീകരണ കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, അമലാപുരി സി.എം.ഐ. പ്രവിശ്യാ ഭവനത്തിൽ വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നാമഹേതുക ത്തിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

04 രാവിലെ, മൈയിലള്ളാംപാറ ഇടവകയിൽ എം.എസ്.എഫ്.എസ്. സന്യാസ സമൂഹത്തിന് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന തോമസ് പൊയ്കയിലിന് പൗരോഹിത്യ പട്ടം നൽകി.

പുല്ലൂരാംപാറ ബഥാനിയായിൽ, താമരശ്ശേരി രൂപത മാതൃവേദി യുടെ രൂപത മാതൃസംഗമം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി ആരാധനാ സന്യാസിനി സമൂഹ ത്തിന്റെ പ്രവിശ്യാ ഭവനത്തിൽ പരേതയായ സി. പ്രസ്റ്റിന എടക്കളത്തൂർ എസ്.എ.ബി.എസ്. ന്റെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം, ചെലവൂർ സി.എസ്.ടി. പ്രവിശ്യാഭവനത്തിൽ പുതിയ കപ്പേള കൂദാശ ചെയ്തു.

05 രാവിലെ, പാലൂർകോട്ട ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, മലപ്പുറം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ താമരശ്ശേരി രൂപതയിൽ നിന്നും ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികരുടെ സംഗമത്തിൽ സംബന്ധിച്ചു.

06 രാവിലെ, പുതുപ്പാടി ഇടവകയിൽ ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന് നിത്യവൃതവാഗ്ദാനം സ്വീകരിക്കുന്ന നാല് സന്യാസിനിമാരുടെയും വൃതവാഗ്ദാനം ചെയ്യുന്ന ഒരു അർത്ഥി നിയുടെയും വൃതവാഗ്ദാന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

06 – 11 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

12 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച് നടത്തിയ ഇടവകയിലെ ആരോഗ്യ പ്രവർത്തകരുടെ സംഗമത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും സുവർണ്ണ ജൂബിലി സ്മരണിക പ്രകാശനം ചെയ്യുകയും ചെയ്തു.

കാട്ടാങ്ങൽ എൻ.ഐ.റ്റി. ഇടവകയിൽ ഇടവകത്തിരുന്നാ ളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

കുന്ദമംഗലം ഇടവക പള്ളിയിൽ ഒരു വിവാഹ മനസ്സമ്മതത്തിന് കാർമ്മികത്വം വഹിച്ചു.

13 രാവിലെ, പനംപ്ലാവ് ഇടവക പള്ളിയിൽ ഒരു വിവാഹ മനസ്സമ്മത ത്തിന് കാർമ്മികത്വം വഹിച്ചു.

15 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു.

16 ഉച്ചകഴിഞ്ഞ്, പൂവാറംതോട് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

17 രാവിലെ, കണ്ണൂർ, കോട്ടയം രൂപതയുടെ ശ്രീപുരത്തുള്ള രൂപതാ ഭവനിൽ കൂടിയ നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻ സിൽ പങ്കെടുത്തു.

വൈകുന്നേരം, താമരശ്ശേരി അൽഫോൻസ സെമിനാരിയിൽ എം.സി.ബി.എസ്. സെമിനാരിയും തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയും തമ്മിൽ നടന്ന സൗഹൃദ ബാസ്ക്കറ്റ്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

കട്ടിപ്പാറ ഇടവകയിൽ ഇടവകസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്യുകയും ഇടവകത്തിരുന്നാളിന് കൊടിയേറ്റു കയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

18 രാവിലെ, എറണാകുളം പി.ഒ.സിയിൽ നടന്ന എ.കെ.സി.സി. ഗ്ലോബൽ സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം, പാലാ രൂപതയിലെ പാദുവ ഇടവകയിൽ ഒരു വിവാഹം ആശിർവദിച്ചു.

19 രാവിലെ, മാനന്തവാടി രൂപതയിലെ നിലമ്പൂർ ഇടവകയിൽ ഇടവകത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, കുന്നമംഗലം ഇടവകയിൽ ഇടവകത്തിരുന്നാളി നോടനുബന്ധിച്ച് കൊടിയേറ്റുകയും വി. കുർബ്ബാന അർപ്പിക്കു കയും തുടർന്ന് പുതിയ വൈദിക മന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

20 രാവിലെ, പുതുപ്പാടി ഇടവകയിൽ പി.എസ്.ഡി.പി. സന്യാസ സമൂഹത്തിനുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ആശിഷ് വാക്കയിലിന് പൗരോഹിത്യ പട്ടം നൽകി.

കോടഞ്ചേരി ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

21 രാവിലെ, കോട്ടഗിരി ദെൻഹാം കോന്ദ്രത്തിൽ കൂടിയ ജൂനിയർ ക്ലർജി മീറ്റിൽ സംബന്ധിച്ച വൈദികർക്കായി ദിവ്യബലി അർപ്പിക്കുകയും സംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, കൂടരഞ്ഞി ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

കാട്ടാങ്ങൽ എൻ.ഐ.റ്റി. ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീല ന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

22 രാവിലെ, എം.എം.പി.സി. യിൽ താമരശ്ശേരി രൂപത, ലഹരി വിരുദ്ധ

സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലാഡേർസ് ട്രെയിനിംഗ് ക്യാമ്പും സാഹിത്യോത്സവവും ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പുഷ്പഗിരി ഇടവകയിൽ പുതുതായി നിർമ്മിച്ച വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള ഗ്രോട്ടോ വെഞ്ചരി ക്കുകയും തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കു കയും ചെയ്തു.

മുക്കം പള്ളോട്ടി ഭവനിൽ വി. വിൻസെന്റ് പള്ളോട്ടിയുടെ നാമഹേതുകത്തിരുന്നാളിനോടനുബന്ധിച്ചുള്ള ആഘോഷ ങ്ങളിൽ പങ്കെടുത്തു.

23 രാവിലെ, തിരുവമ്പാടി ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

തിരുവമ്പാടി ഇടവകയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി നിർമ്മിച്ചു നൽകിയ ഒരു ഭവനം വെഞ്ചരിച്ചു.

രൂപതാഭവനിൽ ചേർന്ന ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, കല്ലാനോട് സ്റ്റേഡിയത്തിൽ ഫാ. ജോർജ്ജ് വട്ടുകുളം മെമ്മോറിയൽ ഫുട്ബോൾ മത്സരം ഉദ്ഘാടനം ചെയ്തു.

രൂപതാഭവനിൽ വിദേശത്ത് ജോലി ചെയ്യുന്ന താമരശ്ശേരി രൂപതാംഗങ്ങളായ വൈദികരെ രൂപതാഭവനിൽ സ്വീകരിക്കു കയും, രൂപതയിൽ സേവനം ചെയ്ത ശേഷം തിരികെപ്പോകുന്ന സന്യാസ വൈദികർക്ക് യാത്രയയപ്പ് നൽകുകയും നവ വൈദികനായ ജെയിംസ് കാശംകുറ്റിയില്ലിന് ആശംസകൾ നേരുകയും ചെയ്തു.

24 രാവിലെ, താമരശ്ശേരി വിനയഭവൻ എം.എസ്.എഫ്.എസ്. സെമിനാരിയിൽ വി. ഫ്രാൻസിസ് ഡി. സെയിൽസിന്റെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

താമരശ്ശേരി എം.എം.പി.സിയിൽ സമ്മേളിച്ച താമരശ്ശേരി രൂപത ഇൻഫാം ജനറൽ ബോഡി മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, കോഴിക്കോട് സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നടന്ന സിറ്റി കൺവെൻഷനോടനുബന്ധിച്ച് വി. കുർബ്ബാന യർപ്പിച്ച് സന്ദേശം നൽകി.

25 രാവിലെ, വെറ്റിലപ്പാറയിൽ കാട്ടാനയുടെ ആക്രമണം നടന്ന സ്ഥലം സന്ദർശി ക്കുകയും ഏറനാട് എം.എൽ.എ. പി. കെ ബഷീറും ബന്ധപ്പെട്ട ഫോറസ്റ്റ്

ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരുമായി ഒന്നുചേർന്ന് ഭാവികാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

അശോകപുരം ഇടവകയിൽ നടന്ന കരിസ്മാറ്റിക് നവീകരണ സംഗമം ഉദ്ഘാടനം ചെയ്തു

കൂരാച്ചുണ്ട് ഇടവകയിൽ ഫാ. ജെയ്സൺ കിഴക്കയിൽ എം.എസ്. റ്റി. യുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, അശോകപുരം ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

25 – 26 ദേവഗിരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, ചേവായൂർ ഇടവകയിൽ ഇടവക സ്ഥാപന ത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

27 – 31 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക പരിശീലനത്തിലായിരിക്കുന്നവർക്കായി ക്ലാസ്സ് എടുത്തു.

വൈകുന്നേരം, തോട്ടുമുക്കം ഇടവകയിൽ താമരശ്ശേരി രൂപതാംഗമായ ഫാ. അഗസ്റ്റിൻ വാമറ്റത്തിലച്ചന്റെ പരേതയായ മാതാവ് അന്നക്കുട്ടി പൗലോസ് വാമറ്റത്തിലെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

31 വൈകുന്നേരം, മഞ്ചേരി നസ്രത്ത് സ്കൂളിന്റെ വാർഷികാഘോ ഷങ്ങൾ ഉദ്ഘാടനം ചെയ്തു.





# POPE FRANCIS

## Angelus (12 January 2025)



The feast of the Baptism of Jesus, which we celebrate today, makes us think of many things, including our own Baptism. Jesus joins His people, who are going to receive baptism for the forgiveness of sins. I like to recall the words of a hymn of today's liturgy: Jesus goes to be baptized by John, "with a bare soul and bare feet". A bare soul and bare feet."And when Jesus receives baptism, the Spirit manifests Himself and the Epiphany of God occurs; He reveals His face in the Son and makes His voice heard, which says: "You are my beloved Son; with you I am well pleased" (v. 22). The face and the voice."First of all, the face. In revealing Himself to be the Father through the Son, God establishes a special space for entering into dialogue and communion with humanity. It is the face of the beloved Son."In second place, the voice. Face and voice. "You are my beloved Son" (v. 22). This is another sign that accompanies the revelation of Jesus...."I will ask you a question: does every one of you remember the date of your Baptism? This is very important! Think: on what day was I baptized? And if we do not remember, when we arrive home, let us ask our parents or our godparents the date of our Baptism. And let us celebrate this date as if it were a new birthday: that of our birth in the Spirit of God. Do not forget! This is our homework: the date of our Baptism.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-01-2025 |






**2025 ജനുവരി 16ന്**

**അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് കൂദാശ ചെയ്ത പൂവാറന്തോട് സെന്റ് മേരീസ് ദൈവാലയം**

വികാരി: റവ. ഫാ. ജെയിംസ് വള്ളിക്കുന്നേൽ


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 02, February 2025, Pages 78.